ഗുരുകുലം എനിക്ക് വളരെ ഇഷ്ടമാണ്. ഞാൻ ഗുരുകുലത്തിൽ മൂന്ന് വയസ് മുതൽ പഠിക്കാൻ തുടങ്ങി. ഞാൻ മലയാളം എഴുതാനും വായിക്കാനും പഠിച്ചു.. ഗുരുകുലത്തിൽ എനിക്ക് പാട്ടു പാടാനും ഡാൻസ് ചെയ്യാനും വളരെ അവസരങ്ങൾ കിട്ടി. ഞാൻ സ്കൂളിൽ എന്റെ കൂട്ടുകാരെ ഒന്നു മുതൽ പത്ത് വരെ മലയാളത്തിൽ എണ്ണാൻ പഠിപ്പിച്ചു. എനിക്ക് ഗുരുകുലം നടത്തുന്ന എല്ലാവരോടും, എന്റെ കൂട്ടുകാരോടും, [illegible] വളരെ നന്ദിയുണ്ട്.

ഐശ്വര്യ പുന്നൂസ്



Aishwarya Punnoose


Best Compliments from
Rekha, Kaavya Krishna, Kareena Devi and Dr. Anuj Puppala Puppala


Best Compliments from
എനിക്ക് നൃത്തം
ആടുന്നത്
ഇഷ്ടമാണ്
പാവന മേരി തോമസ്


Best Compliments from
The Panat Family
Neetha Palackal/Panat, Anthony Panat, Ann Panat and Joseph Panat


Best Compliments from
Sebastian/Thresiamma & Family

*Best Compliments from*

# 25 വർഷം പിന്നിട്ട ഗുരുകുലത്തിന്

# അനുമോദനങ്ങൾ !!!



ഇനിയും അനേക

വർഷങ്ങൾ

വിജയപ്രദമായി

പ്രവർത്തിക്കാൻ

ജഗദീശ്വരൻ

അനുഗ്രഹിക്കട്ടെ.

സസ്നേഹം,

മേഴ്സി

&

കെ. ജെ. ഗ്രിഗറി

## Mercy, K.J. Gregory & Family








Ashwarya Thannikal


*Best Compliments from*



**Joy Edavazhikal & Family**




Best Compliments from
Mereen, Julia & Thomas Kunnumpurath



താജ് മഹൽ ഇന്ത്യയിലെ ആഗ്രയിൽ സ്ഥിതി ചെയ്യുന്നു
ഇത് ലോകത്തിലെ ഏഴ് അത്ഭുതങ്ങളിൽ ഒന്നാണ്
മുഗൾ ചക്രവർത്തിയായിരുന്ന ഷാജഹാൻ അദ്ദേഹത്തിന്റെ
ഭാര്യയായിരുന്ന മുംതാസ് രാജ്ഞിയുടെ സ്മാരകമായി പണി
കഴിപ്പിച്ചതാണ് താജ് മഹൽ 2018ൽ ഇന്ത്യയിൽ
പോയപ്പോൾ ഞങ്ങൾ താജ് മഹൽ കാണാൻ പോയിരുന്നു
താജ് മഹൽ
Jenna Xavier

*Best Compliments from*



**Shinoj Mathew & Family**







Mathew Joseph






Jonah Mathew





*Best Compliments from* **Sajeev Chennattu & Family**

എന്റെ പേര് ജെഫ്രി ലിയോ എന്ന്
ആണ്. എനിക്ക് ഗുരുകുലത്തിൽ മലയാളം
പഠിക്കാൻ വരാൻ ഇഷ്ടം ആണ്.
സ്വരങ്ങൾ: അ ആ ഇ ഈ ഉ ഊ ഋ എ
ഏ ഐ ഒ ഓ ഔ അം അഃ
വ്യഞ്ജനങ്ങൾ: ക ഖ ഗ ഘ ങ ച ഛ ജ
ഝ ഞ ട ഠ ഡ ഢ ണ ത ഥ ദ ധ ന
പ ഫ ബ ഭ മ യ ര ല വ ശ ഷ സ ഹ
ള ഴ റ; കൂട്ടക്ഷരങ്ങൾ: ങ്ക ങ്ങ ച്ച ഞ്ച
ഞ്ഞ ട്ട ണ്ട ണ്ണ ത്ത ന്ത ന്ന മ്പ മ്മ
ക്ക ക്ഷ ല്ല ള്ള റ്റ ന്റ.



**Jeffrey Leo**

*Best Compliments from*

NEW YORK LIFE

## HERE ARE SOME SOLUTIONS TO YOUR FINANCIAL AND INSURANCE NEEDS AHEAD. DON'T HESITATE TO CALL ME TODAY AND DISCUSS!



(DOMINIC T. SAMUEL)
AGENT

**New York Life Insurance Company**
**777 Westchester Ave., 4th Floor**
**White Plains, NY 10604**
**Bus 914-253-7118**
**Cell 914-760-3082**
**Fax 914-253-7016**
dtsamuel@ft.newyorklife.com
www.newyorklife.com

- *Permanent Life Insurance*
- *Mortgage Protection*
- *Estate Planning*
- *Retirement Planning*
- **Group Insurance*
  *College Funding*
  *Term Insurance*
- **Disability Insurance*
  *Individual Retirement Account Funding (IRA)*
  *Long Term Care Insurance*

*products available through one or more carriers not affiliated with New York Life; dependent on carrier authorization and product availability in state or locality.







Caleb Palappillil

എന്റെ പേര് കേലിബ്
എന്നാണ്. എനിക്ക് പന്ത്രണ്ട്
വയസ്സായി. ഞാൻ ഏഴാം
ക്ലാസ്സിൽ പഠിക്കുന്നു. എനിക്ക്
ഗുരുകുലത്തിൽ വരാൻ
ഇഷ്ടമാണ്. ഇത് എന്റെ
ആറാമത്തെ വർഷമാണ്.
എനിക്ക് ഇപ്പോൾ മലയാളം
എഴുതാനും വായിക്കാനും
അറിയാം

*Best Compliments from*



**Jacob Raju & Family**



എന്റെ പേര് ജസ്റ്റിൻ
സജി എന്നാണ്.
എനിക്ക് പതിമൂന്ന്
വയസ്സായി ഞാൻ [illegible]
ക്ലാസിൽ പഠിക്കുന്നു
ഞാൻ എല്ലാ
വെള്ളിയാഴ്ചയിലും
ഗുരുകുലത്തിൽ
വരുന്നു. ഇപ്പോൾ
മലയാളം കേൾക്കുമ്പോൾ
എനിക്ക് മനസ്സിലാകും



**Justin Saji**

# Tiffany Vembenil




Gurukulam was my first school. I started going there with my grandfatherwhen I was barely three years old. It was very important to my grandparents and parents that I grow up knowingour Malayali culture and language, though I didn't realize this at that age. I saw it as a place where I could play with other kids close to my age. As the oldest child in my immediate family, I spent most of my time with adults when I was young. So for me, Gurukulam was a place that hadkids, playtime, toys and snack time with apple juice. On Fridays during the school year, from 7-8 pm we learned the Malayalam alphabet,then juice and playtime from 8-9 pm. Wethen started to learn Malayalam words, numbers, colors etc. As a four-year-old, I saw how happy and proud my parents were to hear me recite, "onnu, randu, moonu, nalu"and identify colors in Malayalam.We learned not just the Malayalam alphabet, vocabulary, and spelling, we also read many stories and learned a lot about Kerala and our culture. I understood that learning Malayalam and the cultural connection I was forming, were really important to my family. Friday nights were always so much fun because I would get to see my cousins and friends.



My friends at my regular school were always so interested to hear about this Indian school I attended and thought it was so cool that I had an opportunity like Gurukulam. I continued to attend Gurukulam for over 10 years till I graduated from middle school. So many of my cousins, friends and my two younger siblings all attended Gurukulam. It became the place where I got to see my family and friends on a weekly basis, connect with them and be part of our community. Life in the US is so very fast-paced thatextended families and friends hardly get to see each other often after work, school etc. But even if it was a really cold winter or rainy spring, Gurukulam was waiting for us, welcoming us to be part of the close Malayali community. I learned Indian classical dance with my cousins from Liza teacher at Gurukulam. We hadmany celebrations where we dressed in our traditional clothing and performed classical, folk and cinematic dances, skits, group songs etc.

After I graduated 8th grade, there was no doubt that I wanted to give back to our Gurukulam school and our community, so I came back to volunteer and assist the teachers of the younger students. This experience helped me learn patience and responsibility, and was instrumental in helping me grow as an individual and be successful when applying to college. In every interview I attendedfor college, I spoke about the Gurukulam School. They were very impressed with our fostered sense of community and what we do to keep our culture alive for the younger generations. When I first started at Gurukulam, our teachers were all from Kerala. Now we have somewho grew up here in America, former Gurukulam students, who as adults are teaching at Gurukulam. That shows the true success of our school. I am glad to have been a part of the Gurukulam community for all of these years. Thank you Gurukulam, its directors and administrators for creating and maintaining this precious cultural resource for the Malayali families in our region. I will always be grateful to my grandparents for making sure I had this opportunity.






The 25th year- Our senior class

എന്റെ പേര് ജെറി തോമസ് ഞാൻ
കേരളത്തിലാണ് ജനിച്ചത്. ഞാനും പപ്പായും
അമ്മയും അനിയനും ഏപ്രിൽ 5 2017-ന്
ന്യൂയോർക്ക് സ്റ്റേറ്റിൽ [illegible] സിറ്റിയിൽ
വന്നു. പപ്പായുടെ സിസ്റ്റർ ഗ്രേസ് ആന്റിയാണ്
ഞങ്ങളെ കൊണ്ടുവന്നത്. പപ്പായുടെ
അമ്മയും ഇവിടെയാണ് താമസിക്കുന്നത്.
ഇവിടെ ഞാൻ [illegible] സ്കൂളിൽ
ഒൻപതാം ക്ലാസ്സിൽ പഠിക്കുന്നു. നാട്ടിലെ
സ്കൂളും ഫ്രണ്ട്സിനെയൊക്കെ മിസ് ചെയ്യുന്നു
ണ്ട് എങ്കിലും ഇവിടെ സ്കൂൾ എനിക്ക്
ഇഷ്ടമായി. നാട്ടിനെ അപേക്ഷിച്ച് ഇവിടെ
സബ്ജക്ട് കുറവാണ്. ഇവിടെ ഇംഗ്ലീഷിൽ
സംസാരിക്കാൻ നന്നായി പഠിക്കാൻ
പറ്റുന്നു. പിന്നെ നാട്ടിലേക്ക് പോകാൻ
തോന്നുന്നതിന്റെ കാരണം അമ്മച്ചി
ആണ്. തുടർന്നു പഠിക്കുവാനും [illegible]
പള്ളിയിൽ പോകുവാനും അവസരങ്ങൾ
ലഭിച്ചതിലും മലയാളത്തിൽ പാടിക്കാൻ
സാധിക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ദൈവത്തിനെ നന്ദി പറയുന്നു




Jerry Thomas



Isabella Vembenil





ഞാൻ റിച്ചാർഡ് തോമസ്. രണ്ടു
വർഷമായി ഇവിടെ എത്തിയിട്ട്.
നാട്ടിൽ നിന്നു വന്നതുകൊണ്ട് മലയാളം
നന്നായി അറിയാം. അതു മറക്കാതെ
ഇരിക്കുന്നതിനുവേണ്ടി ഇടയ്ക്കൊക്കെ
ഗുരുകുലത്തിൽ പോകുന്നുണ്ട്. കേരള
ത്തെ അപേക്ഷിച്ച് വൃത്തിയുടെ കാര്യ
ത്തിൽ അമേരിക്ക മുൻപന്തിയിലാണ്.
നാട്ടിൽ മിക്ക ദിവസങ്ങളിലും ഹർത്താൽ,
സമരം എന്നിവ പതിവായിരുന്നു. ഇവിടെ
അതില്ലെന്നു തോന്നുന്നു.
അമേരിക്കയിൽ വന്ന് നീന്തൽ പഠിക്കാൻ
സാധിച്ചു. ബേസിൽ ചേട്ടനാണ് അതിന്
എന്നെ സഹായിച്ചത്. കേരളവും
അമേരിക്കയും എനിക്ക് ഇഷ്ടമാണ്.
ഞങ്ങളുടെ പള്ളിയിലും ഞാൻ
മലയാളത്തിൽ ശുശ്രൂഷ ചെയ്യുന്നുണ്ട്.




Richard Thomas



Chris Dominic



എന്റെ പേര് ക്രിസ് ഡൊമിനിക് ആണ്.
ഞാൻ ആറാം ക്ലാസ്സിൽ പഠിക്കുന്നു.
എനിക്ക് പതിനൊന്ന് വയസ്സ് ഉണ്ട്.
എനിക്ക് വീഡിയോ ഗെയിംസ് ഇഷ്ടമാണ്.
എനിക്ക് സോക്കർ കളിക്കാൻ ഇഷ്ടമാണ്.
ഗുരുകുലത്തിൽ ഞാൻ വരാൻ
തുടങ്ങിയിട്ട് രണ്ടു വർഷമായി. എനിക്ക്
വായിക്കാൻ അറിയാം.



Kevin Joseph
Gurukulam
എന്റെ പേര് കെവിൻ
ജോസഫ് ആണ്.
എനിക്ക് 13 വയസ്സായി.
എനിക്ക് വീഡിയോ ഗെയിം
കളിക്കാൻ ഇഷ്ടമാണ്.







Andrew





George








Joseph



Nadhia



Abigail







Kezia



Cristine





**ജോസ് ചെരിപുറം**

# മദർ തെരേസ



വെള്ളിമേഘങ്ങൾക്കപ്പുറം മാനത്തെ
വെള്ളരിപ്രാവിന്റെ നാട്ടിൽനിന്നോ
മഴവിൽക്കാവടി നിറമാല ചാർത്തും
മാലാഖമാരുടെ നാട്ടിൽനിന്നോ,
ശുഭ്രവസ്ത്രമണിഞ്ഞു കിഴക്ക്
സുപ്രഭാതം വന്നുദിച്ചപോലെ
ദിവ്യമായ് പുഞ്ചിരി ചുണ്ടിലണിഞ്ഞ്
ദീപശിഖയേന്തിയ പെൺകൊടിപോൽ,
ചാരുത തീർത്തൊരു ദാരുശില്പമോ,
ചിന്തുന്ന കരുണതൻ മണിവിളക്കോ?
ദീനനായ്ക്കേഴുമമെന്നാത്മാവിൽ സ്നേഹ-
ദീപം കൊളുത്തിയകറ്റി തമസ്സിനെ.
ഏകനായ് രോഗിയായ് വേദന നീറ്റുന്ന
ഏഴയായ്ക്കിടന്നു മൃത്യുവിൻ വരവിനായ്.
സ്നേഹമൂറുന്ന വാക്കാൽ കുളിരേകി
സാന്ത്വനമേകിയെന്നുൾത്തടത്തിൽ.
കർത്തവ്യവേദിയിലുരുകി പ്രഭ ചൂടും
കർമ്മനിരതേ, നിൻ സേവനത്താൽ
കാതരമായൊരു കരളിൻ ചില്ലകൾ
കനകാഭരണങ്ങളണിഞ്ഞു പൂക്കുന്നു
ആതുരർക്കാശ്വാസമേകുമിവരൊരു
അത്താണിയല്ലോ ആലംബഹീനർക്ക്
അഞ്ജലിയർപ്പിപ്പൂ നിൻമുന്നിൽ ഞാൻ,
അർപ്പണം ചെയ്യുന്നു ബാഷ്പബിന്ദുക്കളാൽ.



ചെറുകഥ

# രാജീവന്റെ അച്ഛൻ

സി.എം.സി

**ക്ലോക്കിൽ** പതിനൊന്നടിച്ചു. പുതിയ വർഷത്തിലേക്ക് വെറും ഒരു മണിക്കൂർ ദൂരം. ലോകത്തിന്റെ പല ഭാഗങ്ങളിലും പുതുവർഷം കടന്നുപോയതിന്റെ ദൃശ്യങ്ങൾ ടെലിവിഷൻ ചാനലുകാർ മത്സരിച്ച് അവതരിപ്പിക്കുന്നു. ജപ്പാൻ, ആസ്ട്രേലിയ, ദുബായ്, യൂറോപ്പ് എല്ലായിടത്തും മനുഷ്യൻ ആഹ്ലാദത്തിമർപ്പിൽ. ന്യൂയോർക്കിലെ ടൈം സ്ക്വയറിൽ സുവർണ്ണ ഗോളം പുത്തൻ ദശകത്തിലേക്കുള്ള യാത്രയ്ക്കു തയ്യാറായി നിൽക്കുന്നു. കൊടും തണുപ്പും മഞ്ഞുപെയ്ത്തും വകവെയ്ക്കാതെ ലക്ഷക്കണക്കിന് ആളുകൾ ആർത്തുല്ലസിക്കുന്നു. ഞാൻ ടെലിവിഷൻ ഓഫ് ചെയ്ത് കാലുകൾ കമ്പിളിപ്പുതപ്പിനടിയിലേക്കു തിരുകി.

മനസ്സ് വിദൂരമായ ഏതോ പഴയ കാലത്തിന്റെ ഇരുട്ടിലൂടെ തപ്പിത്തടഞ്ഞു. തലയണ കട്ടിൽപ്പടിയിലേക്കു ചാരിവെച്ച് ഞാൻ എണീറ്റിരുന്നു. ഫോൺബുക്കെടുത്തു വെറുതെ മറിച്ചു നോക്കി. ബന്ധം മുറിഞ്ഞുപോയ ബന്ധുക്കളുടെയും ശത്രുക്കളായി മാറിയ മിത്രങ്ങളുടെയും നമ്പരുകൾ പണ്ടെന്നോ എഴുതിയിട്ട പടി. ബന്ധങ്ങൾ കെടാതെ സൂക്ഷിക്കുന്ന ചിലർക്കെങ്കിലും നവവത്സരാശംസകൾ നേരാമെന്നോർത്തു. ആദ്യം അമ്മയെത്തന്നെ വിളിച്ചു.

“മോനെ കാട്ടുകോഴിക്കെന്തു വാവും സംക്രാന്തിയും?” അമ്മയുടെ ശബ്ദത്തിൽ നിസ്സംഗത...

പിന്നെയും അഞ്ചാറു പേരെക്കൂടി വിളിച്ചു. മാർക്കറ്റിന്റെ മടുപ്പും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റവും രാഷ്ട്രീയ ഗുണ്ടായിസത്തിന്റെ കയ്യാങ്കളിയും വിവാഹവും രോഗവും ജനവും മരണവുമെല്ലാം സംസാരവിഷയങ്ങളായി.

വർഷങ്ങളോളം വിളിക്കാതെ പോയ ഒരു പഴയ സുഹൃത്തിന്റെ നമ്പർ ഞാൻ കറക്കി.

“ഹല്ലോ” പുരുഷശബ്ദം.

“സുഭാഷാണോ” ഞാൻ ചോദിച്ചു. ഏറെ പഠിച്ചിട്ടും ജോലികിട്ടാതിരുന്ന സുഭാഷ് എന്നു പേരുള്ള മകനെപ്പറ്റി, അവസാനം കണ്ടപ്പോൾ കൂട്ടുകാരൻ പറഞ്ഞതോർത്തു.

“രാജീവാ ഇതു ഞാനാണ്.” അയാൾ പറഞ്ഞു.

“രാജീവനോ? എനിക്ക് നമ്പർ തെറ്റിയെന്നാണ് തോന്നുന്നത്.” ഞാൻ പറഞ്ഞു.

“ ഇല്ലാ.... തെറ്റിയില്ല. ഇതു ഞാനാണ്.” അയാളുടെ ശബ്ദം കൂടുതൽ ഉച്ചത്തിലായി. ഞാൻ ഫോണിലേക്കു നോക്കി. അക്കങ്ങൾ മാറിപ്പോയി. “സോറി. ഇത് രാജീവനല്ല. എനിക്കു നമ്പർ തെറ്റിയതാണ്.” സംസാരം അവസാനിപ്പിക്കാന് ഞാൻ തിടുക്കം കാട്ടി.

“നമ്പർ ശരിയാണ്. രാജീവാ....രാജീവാ..... ഇതു ഞാനാണ്. അച്ഛൻ....മോനേ രാജീവാ....രാജീവാ....” അയാൾ വിളിച്ചുകൊണ്ടേയിരുന്നു.

സംസാരം തെല്ലൊന്നടങ്ങിയപ്പോൾ ഞാൻ പറഞ്ഞു. “ചങ്ങാതീ, രാജീവനല്ല ഇത്.... വിളിച്ച നമ്പർ മാറിപ്പോയതാണ്... ദയവായി ക്ഷമിക്കണം.

നീളുന്ന മൗനം.... ഒടുവിൽ അയാളുടെ തളർന്ന ശബ്ദം. “നിങ്ങൾക്കെന്റെ മകന്റെ ശബ്ദമാണ്. അതേ ശബ്ദം... എന്റെ മകനാണെന്നുകരുതി, എന്തൊക്കെയോ...”

“ഏയ് സാരമില്ല.....അതിലെന്തിരിക്കുന്നു....?” ഞാൻ വിനീതനായി.

“ആരെന്നോ എവിടുന്നെന്നോ അറിയില്ലെങ്കിലും താങ്കൾക്ക് എന്റെ പുതുവത്സരാശംസകൾ.” അയാൾ ഫോൺ വെച്ചു.

ഒട്ടും പരിചയമില്ലാത്ത പിതാവിന്റെ വിതുമ്പലുകൾ ഉള്ളിൽ മുറിപ്പാടുകൾ തീർത്തു....

അതിൽ രാജീവന്റെ മുഖത്തിന് പല രൂപങ്ങൾ....

കളിമൺ കോലങ്ങൾ...

# ആശംസകൾ



**ജോസഫ് മുണ്ടൻചിറ**
***വിദ്യാജ്യോതി സ്കൂൾ പ്രിൻസിപ്പൽ***

പ്രിയമുള്ള മലയാളി സുഹൃത്തുക്കളെ,

ലോകത്തിലുള്ള വിവിധ രാജ്യങ്ങളിലെ വിദ്യാഭ്യാസ വിദഗ്ദ്ധർ ഗവേഷണം നടത്തി കണ്ടെത്തിയ ഒരു കാര്യം കുറച്ചു വർഷങ്ങൾക്കു മുമ്പ് അമേരിക്കയിലെ ലീഡിംഗ് ദിന പത്രമായ ന്യൂയോർക്ക് ടൈംസിൽ വായിക്കുവാനിടയായി. അതിൽ പറയുന്നത് ഒന്നിലധികം ഭാഷകൾ പഠിക്കുന്നതിലൂടെ ചിന്താശക്തിയിൽ വളർച്ചയും വ്യത്യസ്ത സാഹചര്യങ്ങളിൽ സമുചിതമായ തീരുമാനം എടുക്കുന്നതിനുള്ള കഴിവും, സർവ്വോപരി മാനസികമായ പക്വതയും കൈവരിക്കുന്നതായി കണ്ടെത്തിയിരിക്കുന്നുവെന്നാണ്. ഇതുമൂലം വ്യക്തിത്വ വികസനം കൂടി നേടുവാൻ സാധിക്കുന്നു.

വിദ്യാഭ്യാസത്തിന്റെ മഹത്തായ ലക്ഷ്യം മനുഷ്യരെ മനുഷ്വത്വമുള്ളവരായിത്തീർക്കുക എന്നുള്ളതായിരിക്കണം.അത് സാദ്ധ്യമാകുന്നത് അവനവന്റെ ഉള്ളിലുള്ള ചിന്തകളുടെ ശുദ്ധീകരണം വഴിയാണ്. അതിനുള്ള വേദികളാണ് വിദ്യാലയങ്ങൾ. വിദ്യാലയങ്ങളിൽ വരുന്നവരെ ജാതിമത വർഗ്ഗ വർണ്ണ ഭേദമില്ലാതെ പരസ്പരം അംഗീകരിക്കാൻ പരിശീലിച്ചിരിക്കണം.. അവരുടെ ജീവിത പ്രശ്നങ്ങളിൽ പരിഹാരം കണ്ടെത്തുവാൻ സഹായകരമാകണം വിദ്യാഭ്യാസം. നമുക്ക് ലഭിച്ച അറിവുകൾ മറ്റുള്ളവർക്ക് ഉപകാരമായിത്തീരുമ്പോഴാണ് അതിന് മഹത്വം ഉണ്ടാകുന്നത്. ഭാഷാ പഠനം അതിന് യോജിച്ച മീഡിയം ആണ്. മലയാളഭാഷ പഠനത്തിലൂടെ മലയാള സംസ്ക്കാരത്തേയും രീതികളേയും നാം അടുത്തറിയുകയും മലയാളികളെ അംഗീകരിക്കാൻ സാധിക്കയും ചെയ്യുന്നു. ഈ മഹത്തായ ലക്ഷ്യത്തിനുവേണ്ടി നിരന്തരം പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന 25-ാം വാർഷികം ആഘോഷിക്കുന്ന ഗുരുകുലം സ്കൂളിനേയും അതിന്റെ നിസ്വാർത്ഥരായ പ്രവർത്തകരേയും വിദ്യാ ജ്യോതി മലയാളം സ്കൂളിന്റെ പ്രിൻസിപ്പൽ എന്ന നിലയിൽ ഞാൻ അഭിനന്ദിക്കുന്നു.

■ കവിത



മാർഗരറ്റ് ജോസഫ്

# അക്ഷരങ്ങൾ

അക്ഷരങ്ങൾ, ക്ഷരമില്ലാത്ത രേഖകൾ,
ആരോ ഹരിശ്രീ കുറിച്ചിട്ട മുദ്രകൾ;
കാതിലറിവിൻ ധ്വനികളാകുന്നവ,
കൺമിഴിച്ചില്ലിൽ പ്രതിഫലിക്കുന്നവ,
ബോധതലത്തിലുണർവേകിടുന്നവ,
ഓർമ്മകളേടായെഴുതിയിടുന്നവ
ആത്മപ്രകടനോപാധിയാകുന്നവ,
വായ്ത്താരിയായി പുറത്തുവരുന്നവ,
കൈവിരൽത്തുമ്പിൽ നിന്നിറ്റുവീഴുന്നവ,
സർഗ്ഗസംഗീതസ്വരങ്ങളാകുന്നവ,
മാനവജീവിത സംസ്കാരമാകുന്ന,
വിസ്മയവിദ്യകൾക്കാധാരമായ്ഭുവി;
വ്യത്യസ്തമാമെത്ര ഭാഷാപ്രയോഗമീ-
തൂലികാചിത്രപ്രദർശന ശാലയിൽ!
അക്ഷരങ്ങൾ, ലിപിവിന്യാസരീതികൾ
അജ്ഞതയ്ക്കൗഷധമാകുന്ന സിദ്ധികൾ
ശബ്ദാർഥമൊത്ത പദങ്ങളുചിതമായ്,
കണ്ണികൾ കൂട്ടിക്കൊളുത്തിയനാദിയായ്,
സൃഷ്ടിസ്ഥിതിലയമാവർത്തനങ്ങളാം,
പ്രണവപ്രകൃതിയിൽ പ്രക്ഷേപണങ്ങളായ്;
കാലത്തിൻ സന്ദേശവാഹികളാകുന്ന,
അക്ഷയസൂക്തങ്ങളുൾച്ചേർന്നജ്ഞാനമായ്;
ജന്മജന്മാന്തര വീഥിയിലാരെയും,
ആനയിച്ചീടുമീ നാഴികക്കല്ലുകൾ;
ഭാഷകൾ, ചിന്തകൾക്കാധാരമാകുന്ന-
ശക്തിസ്രോതസ്സുകളത്രെ മനുഷ്യന്
അക്ഷരങ്ങൾ, ചിരമുൾപ്പൊരുൾ താരകൾ,
പ്രത്യക്ഷമാകും ചരിത്രവിളക്കുകൾ;
ദു:ഖസൗഖ്യങ്ങളിലുത്തമസ്നേഹിതർ,
ഉൾത്തടം തേടും സമസ്യകൾക്കുത്തരം,
ഭാവനാ സൂനങ്ങളുൽഫുല്ലമായതിൽ,
ഭാവരസത്തേൻനിറയ്ക്കുന്ന വിസ്മയം;
ഉത്കൃഷ്ടമാം കലാസൃഷ്ടിയായ്ത്തീരുന്ന
സാഹിത്യമഞ്ജരിയാകട്ടെ നാൾക്കുനാൾ.

ലേഖനം



എം.എൻ.കാരശ്ശേരി

# ചിന്തയുടെ ഭാഷ

പ്രശസ്ത നിരൂപകൻ എസ്. ഗുപ്തൻനായർ ഈയിടെ രമണൻ 'പൊട്ടകൃതി' യാണെന്നു പറഞ്ഞു പോയി. അങ്ങനെ പറഞ്ഞുപോയതിൽ ഖേദമുണ്ടെന്നും താൻ ആ വിശേഷണം പിൻവലിക്കുന്നു എന്നും അദ്ദേഹം പിന്നീട് പശ്ചാത്തപിച്ചു.

ഗുപ്തനായരുടെ വിശദീകരണത്തിൽ പഞ്ഞിരിക്കുന്നു: 'ആ നേരത്ത് എന്റെ മനസ്സിലുണ്ടായിരുന്നത് 'സില്ലി' (silly) എന്ന പദമാണ്. അതിന്റെ പരഭാഷയായിട്ട് 'പൊട്ട' എന്നുപറഞ്ഞുപോയത്."

ഇവിടെയാണു പ്രശ്നം : ഒരു മലയാളകൃതിയെപ്പറ്റി ഒരു മലയാളം അദ്ധ്യാപകൻ മലയാളിയോട് മലയാളത്തിൽ സംസാരിച്ചപ്പോൾ സംഭവിച്ചതെന്താണ്? ഇംഗ്ലീഷിൽ ആലോചിച്ച് മലയാളത്തിലേക്കു പരഭാഷപ്പെടുത്തിക്കൊണ്ടു സംസാരിക്കുകയാണ്. ഇതൊരു ആരോപണമല്ല. പറഞ്ഞ ആൾതന്നെ സാക്ഷ്യപ്പെത്തിയ കാര്യമാണ്.

മറന്നുപോകരുത് : എസ് ഗുപ്തൻനായർ പ്രസാദമധുരമായി മലയാളഗദ്യം എഴുതുന്ന നമ്മുടെ അപൂർവ്വം എഴുത്തുകാരിൽ ഒരാളാണ്; വെടിപ്പുള്ള മലയാളത്തിൽ പ്രസംഗിക്കുന്ന ആളാണ്; ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളിൽ എടുത്തുപറയാൻമാത്രം പാണ്ഡിത്യം നേടിയ ആളാണ്; അനവധി കാലം കുട്ടികളെ മലയാളം പഠിപ്പിച്ച ഗുരുനാഥനാണ്.

അദ്ദേഹത്തിന്റെ ആലോചനപോലും ഈ തരത്തിൽ ആംഗലാധിപത്യത്തിനു വിധേയമാണെങ്കിൽ മര്യദയ്ക്ക് ഇംഗ്ലീഷും മലയാളവും പഠിച്ചിട്ടില്ലാത്ത യുവതീയുവാക്കളുടെ കാര്യം പറയാനുണ്ടോ?

ആലോചനയ്ക്കു ഭാഷയുണ്ടോ? ഇതൊരു പഴയ ചോദ്യമാണ്. ഉണ്ടെന്നും ഇല്ലെന്നുമുള്ള തർക്കം നിലവിലുണ്ട്. അവ്യക്തതയുടെ തലത്തിൽനിന്ന് വ്യക്തതയുടെ തലത്തിലേക്ക് കടക്കുന്നതോടെ ഏതൊരാളുടെ ആലോചനയ്ക്കും ഭാഷയുണ്ടായിത്തീരുന്നു എന്നാണ് എന്റെ ബോധ്യം. ഏത് ആലോചനയും ആലോചിക്കുന്ന ആൾക്കു തന്നെ വ്യക്തമായിത്തീരുന്നത് ഏതെങ്കിലും ഭാഷയിലൂടെ ആയിരിക്കണം. തെളിവ് ഗുപ്തൻനായർ എടുത്തുപറഞ്ഞ അനുഭവംതന്നെ. രമണനെപ്പറ്റി അദ്ദേഹം ആ പ്രസംഗത്തിനിടയിൽ നടത്തിയ ആലോചന തെളിഞ്ഞത് 'സില്ലി' എന്ന പദമായിട്ടാണ്. അടുത്ത നിമിഷം അതിന്റെ പരിഭാഷ പുറത്തേയ്ക്കുവിട്ടു. ആലോചനയ്ക്കു ഭാഷാ രൂപം കൈവരിക്കാനുള്ള പ്രാപ്തി ഇല്ലാത്ത അവസ്ഥയെപ്പറ്റിയാവാം, കുമാരനാശാൻ 'ഇന്ന് ഭാഷയിതപൂർണം' എന്ന് ആധി കൊണ്ടത്.


ഇംഗ്ലീഷിൽ ആലോചിച്ച് മലയാളത്തിൽ പറഞ്ഞാൽ എന്താണു കുഴപ്പം? കുഴപ്പങ്ങൾ പലതുണ്ട്.

ഒന്ന്: ആലോചന കൃത്യമാവാതെ പോവാം. അതിനും തെളിവ് ഗുപ്തൻനായരുടെ അനുഭവം തന്നെ. അദ്ദേഹം മലയാളത്തിൽ മാത്രമാണ് ആലോചിച്ചിരുന്നതെങ്കിൽ ഈ പിഴ പറ്റാനും പ്രായശ്ചിത്തം ചെയ്യാനും ഇടയാകില്ലായിരുന്നു.

രണ്ട്: നമ്മുടെ ഓർമയിലെ പദകോശം പിന്നെപ്പിന്നെ ചുരുങ്ങിവരും. ഈ അനുഭവംതന്നെ നോക്കൂ: ആൾ ഗുപ്തൻനായരായതുകൊണ്ട് അദ്ദേഹത്തിന് ഈ ഇംഗ്ലീഷ് പദത്തിന് ബദലായി മലയാളപദം ഉടനെ തോന്നി. അല്ലെങ്കിലോ? ഇംഗ്ലീഷ് പദം തന്നെ പുറത്തേയ്ക്കുവരും. പറയുന്ന ആളുടെയും കേൾക്കുന്ന ആളുടെയും ഓർമയിൽ അത്രയ്ക്കത്രയ്ക്കു പദകോശം ചുരുങ്ങിവരികയും ചെയ്യും. 'വൈകുന്നേരം' എന്ന് ആലോചിക്കുകയും പറയുകയും ചെയ്യുന്നതിനു പകരം ഈവനിങ് (Evening) എന്നുമാത്രം ആലോചിക്കുകയും പറയുകയും ചെയ്താൽ കുറച്ചു കഴിയുമ്പോൾ 'വൈകുന്നേരം' എന്ന പദം തോന്നാതെ പോവും.

ഇംഗ്ലീഷിൽ ആലോചിച്ച് മലയാളത്തിൽ പറയുന്നതിൽ വന്നുകൂടുന്ന ആപത്തുകളെപ്പറ്റി ഞാൻ കേട്ട തമാശകളിൽ ഒന്നു പറയാം. പണ്ട് 'എന്റെ മേൽനോട്ടത്തിൽ' എന്നു പറയേണ്ടതിനു പകരം Under My Supervision എന്ന് ആലോചിച്ച് ഒരു വിദ്വാൻ 'എന്റെ കീഴ്നോട്ടത്തിൽ' എന്നു പറഞ്ഞവത്രെ!

മലയാളത്തിന്റെ തെളിമയെ രക്ഷിക്കുവാനുള്ള വഴികളിലൊന്ന് ആ ഭാഷ എഴുതുന്നവരും പറയുന്നവരും ആ ഭാഷയിൽതന്നെ ആലോചിക്കുവാൻ ശ്രമിക്കുക എന്നതാണ്.



ഗീത രാജൻ

# മഴയനക്കങ്ങൾ

ഊഞ്ഞാലാടി പോകും വൈകുന്നേരം
കൊണ്ടുപോയൊരു പകലിനെ
ഒളിക്കണ്ണുകൊണ്ട് നോക്കുന്നുണ്ടു
വെളിച്ചം അടർന്നു പോയൊരു നക്ഷത്രം!

പൂച്ച കുഞ്ഞുപോലെ
ഒച്ച കേൾപ്പിക്കാതെ
വിരുന്നു വരുന്നുണ്ടൊരു രാത്രി
കാലത്തിന്റെ തുന്നിക്കെട്ടിയ
സഞ്ചിയൊന്നു തുറക്കാനായി!

പുറത്തു ചാടിയ പുസ്തകക്കെട്ട്....
മാറിന്റെ ചൂട് പറ്റി ചേർന്നിരിക്കുന്ന
പ്രതീക്ഷയെ ഓർമ്മപ്പിച്ചു.
വിശപ്പിന്റെ നാളുകളെ
പൂട്ടിയിട്ട അറയിപ്പോൾ
മലർക്കെ തുറന്ന് കിടക്കുന്നു
തേച്ചു മിനുക്കി സൂക്ഷിച്ചു
വച്ചൊരു സായാഹ്നം
പായൽപിടിച്ചു ഇരുണ്ടു
പോയിരിക്കുന്നു
ഒളിച്ചോടി പോയ കവിതകൾ
വെളിച്ചം കാണാതെ ഇരുട്ടിൽ !
വിരുന്നുവന്ന രാത്രി കൊണ്ട് പോയതോ
കറത്തിരുണ്ട് പെയ്യാൻ
തയ്യാറായി തുടങ്ങി നിന്നൊരു
ഉറക്കത്തെയുമായിരുന്നു
കാറ്റ് കൊണ്ടുപോകും
മഴയനക്കങ്ങൾ പോലെ!





മാലിനി



# യൂദായുടെ അമ്മ

മാതൃവിലാപത്തിന്റെ നെഞ്ചിടിപ്പുകൾ സ്വർഗ്ഗക്കവാടത്തിൽ കുട്ടമണികൾ മുഴക്കി.

അലമുറകൾ തേങ്ങലുകൾ, നെഞ്ചു പറിയുന്ന പറുപറുപ്പ് - ഒക്കെയും ആകാശവിതാനങ്ങളിൽത്തട്ടി പ്രകമ്പനം കൊണ്ടു. ആളിപ്പടരുന്ന അഗ്നിയുടെ ചൂട് അവിടെ നിറഞ്ഞു.

യൂദായുടെ പിറവിയ്ക്കിടമായ ഉദരം. അവനെ പോറ്റിയ മുലകൾ. ചേർത്തു വച്ച നെഞ്ച്. താരാട്ടിയ കൈകൾ. തലോടിയുറക്കിയ വിരലുകൾ. തേടിയലഞ്ഞ കണ്ണുകൾ. തിരുവെഴുത്തിനെ നിഷേധിയ്ക്കാനാകാതെ യൂദായുടെ അമ്മ ഒരഗ്നിജ്വാലയായി ആളിക്കത്തി.

ആ വേദനയിൽ ശരീരഭാഗങ്ങൾ ഓരോന്നും കരിഞ്ഞടരുമ്പോഴും അവർ നെഞ്ചുരുക്കി വിളിച്ചു. ദൈവമേ......... എന്റെ യൂദാ........

ആരായിരുന്നു യൂദാ?

കള്ളനോ? ചുങ്കക്കാരനോ? ധന മോഹിയോ? ദൈവപുത്രന്റെ ഒറ്റുകാരനോ? അതോ വിധി വരുതിയിൽ നിർത്തിയ നിസ്സഹായനോ? പാപിയോ?

ഇതൊക്കെ ആയിരിക്കാം.

എന്നാൽ എല്ലാറ്റിനും മേലെ യുദാ ഒരു മകനായിരുന്നു.

ഒരമ്മയുടെ മകനായിരുന്നു.

യൂദായ്ക്കും ഒരമ്മയുണ്ടായിരുന്നു.

യുദായുടെ അമ്മ! യൂദായെപ്പേറിയ ഉദരം!

പിറക്കും മുമ്പുതന്നെ അവന്റെ അള്ളിപ്പിടുത്തങ്ങളും കുതിപ്പുകളും കൂപ്പുകുത്തലുകളും അവളെ ഭയപ്പെടുത്തിയിരുന്നു. തനിയ്ക്കായി വിധിക്കപ്പെട്ട തിരുവെഴുത്ത് പൂർത്തിയാക്കാനുള്ള ഭയം, വിമുഖത അതാകാം ആ അള്ളിപ്പിടുത്തത്തിലൂടെ അവനറിയച്ചത്.

പിറന്നു വീണ കുഞ്ഞിന്റെ കരച്ചിൽ

അത് തന്റെ നെഞ്ചിടിപ്പുയർത്തുന്നത് അവളറിഞ്ഞു.

അത് വെറുമൊരു കരച്ചിൽ ആയിരുന്നില്ല.

തന്നെ കാത്തിരിക്കുന്ന വിധിയെ നിഷേധിക്കാനാകാതെ നിസ്സഹായത നിറഞ്ഞ ഒരു കരച്ചിൽ. ഈ ഉദരത്തെ താൻ കളങ്കപ്പെടുത്തിയല്ലോ എന്നുള്ള

വിലാപകരച്ചിൽ.

തന്നെയൂട്ടിയ മുലഞെട്ടുകൾ ബലമില്ലാത്ത മോണകൊണ്ട് കടിച്ചുമുറിച്ചു പ്രതിഷേധിച്ചു കുഞ്ഞുയൂദാ. ആ മുറിവിലെ ചോരച്ചുവയറിഞ്ഞ് ചുണ്ടുപിതുക്കി. തുപ്പിക്കളയാനാകാതെ നിസ്സഹായനായി. ചോരപ്പശയുള്ള മുലപ്പാൽ തൊണ്ടയിൽ പറ്റിപ്പിടിച്ചു. കുഞ്ഞുയൂദാ ശ്വാസത്തിനായ്പ്പിടഞ്ഞു.

അപ്പോഴൊക്കെയും അന്റെ അസ്വസ്ഥതയറിഞ്ഞ് ആ അമ്മയുടെ നെഞ്ചുപിടഞ്ഞു. നെഞ്ചിടിപ്പോടെ “എന്റെ ദൈവമേ”......... എന്നവൾ കരഞ്ഞു.

മുട്ടിലിഴഞ്ഞ്, പിടിച്ചുനിന്ന്, ഓടി നടന്ന് യൂദാ വളർന്നു. അമ്മയുടെ സന്തോഷമായ് യൂദാ വളർന്നു. അതിനിടയിലും ചില നേരങ്ങളിൽ അവന്റെ അള്ളിപ്പിടുത്തത്തിന്റെയും അലമുറയുടേയും ഓർമ്മകൾ അവളെ ഭയപ്പെടുത്തി. ആ ഭയം ഹൃദയത്തെ മഥിപ്പിച്ചപ്പോഴൊക്കെ അത്തരം വ്യഥകളെ ശകാരിച്ചു മാറ്റിനിർത്തി. “ദൈവമേ......... എന്റെ യൂദായെ കാക്കണേ...........” എന്നവൾ പ്രാർത്ഥിച്ചു.

വളർന്നു വരുന്തോറും യൂദായിൽ പ്രകടമായ ഒറ്റപ്പെടൽ, വിമുഖത കണ്ടുതുടങ്ങി. ഭക്ഷണമേശയിൽ, പണിയിടത്ത് എല്ലാം അവന്റെ മിഴികൾ ഒരിടത്തുറയ്ക്കാതെ ഉഴറി നടന്നു. ചില നേരങ്ങളിൽ അവൻ ചുറ്റുപാടുകളറിയാതെ ഒരു ധ്യാനത്തിലെന്നോണം കാണപ്പെട്ടു. യൂദാ എന്നുള്ള വിളിയിൽപ്പോലും അവൻ ഭയന്നുഞെട്ടി. അമ്മയെ നോക്കാനാകാതെ മിഴികൾ തിരിച്ച് തല കുനിച്ചു. ആ കണ്ണുകളിൽ കത്തിനിന്ന ഭയപ്പാട് അവളുടെ നെഞ്ചിലെ ഉലയിൽ കനലായി. നെഞ്ചിടിപ്പിന്റെ വേഗതകൂടി.

യൂദാ എല്ലാവരിൽ നിന്നും അകന്നു. അവന്റേതായ പാതകളിലൂടെ തനിയെ നടന്നു.

അമ്മയുടെ പ്രാർത്ഥന, യാചന, കരച്ചിൽ ഒക്കെയും വൃഥാവിലാകെ വർദ്ധിച്ച വ്യഥയോടെ നെഞ്ചിൽ എരിയുന്ന കനലോടെ യൂദാ നടന്നു. കാൽപ്പാദങ്ങളിൽ വേവിന്റെ കുമിളകൾ മുളച്ചുപൊന്തി.

സ്വതന്ത്രനായ് നടന്നപ്പോഴും ഇറക്കിവയ്ക്കാനാകാത്ത ഒരു കനം അവന്റെ തോളുകളെ തളർത്തി. പറിച്ചു കളയാനോ മുറിച്ചു മാറ്റാനോ കഴിയാത്ത ഒരു ഭാരം അവൻ ചുമന്നു. വള്ളിയും വടവുമില്ലാതെ കെട്ടപ്പെട്ടു. തുടച്ചുകളയാനാകാത്ത ഒരു പാട കണ്ണുകളെ മൂടി. കൂട്ടുകാർക്കൊപ്പം നടന്നപ്പോഴും പാദങ്ങൾ വേച്ചു വേച്ച് അരുതാത്ത വഴിയെ തിരിഞ്ഞു.

എല്ലാവരും വീടണയുന്ന വൈകുന്നേരങ്ങലിൽ ദൂരെ തന്റെ മകന്റെ നിഴലോ ശബ്ദമോ കാത്തിരുന്ന് അവൾ സങ്കടപ്പെട്ടു. അവൻ നടന്നകന്ന കാൽപ്പാടുകളിൽ അവളുടെ കണ്ണീർ വീണു തിളച്ചു.

മകനെക്കുറിച്ചുള്ള ചിന്തകൾ, ആകുലതകൾ, തനിക്കു ചെയ്യേണ്ടുന്ന വീട്ടുജോലികൾ ഒക്കെയും ചിലനേരങ്ങളിൽ അവളുടെ തലയെ പെരുപ്പിച്ചു. പുളിച്ചു പൊന്തുന്ന മാവുപോലെ ചിന്തകൾ ചീർത്തുവന്നു. അതിൽ കുമിളകൾ പൊന്തി, പൊട്ടി തല ഇരമ്പുന്ന നേരങ്ങളിൽ കണ്ണുകൾ ഇറുക്കിയടച്ച്, നെറ്റി പൊട്ടിപ്പൊളിയും വിധം കയ്യമർത്തിക്കരഞ്ഞ് അവൾ യാചിച്ചു.

എന്റെ ദൈവമേ, നീ കാണുന്നില്ലയോ എന്റെ യൂദായെ..........

മകന്റെ വിധിക്കുമേലെ വിശിപ്പോയ പ്രാർഥനകൾ. വിലാപക്കരച്ചിലുകൾ.

ചിലപ്പോഴൊക്കെ യൂദായെ നസ്രയൽക്കാരൻ യേശുവിന്റെ കൂടെ കണ്ടവരുണ്ട് എന്ന് ദൂരെ നിന്നെത്തിയ വർത്തമാനങ്ങളിൽ നിന്നവളറിഞ്ഞു. യേശുവിനെക്കുറിച്ചേറെ കേട്ടിരുന്നു. ബഹുമാനിച്ചിരുന്നു. അവർണ്ണനീയമായ പുത്രസ്നേഹത്താൽ മനസ്സു നിറഞ്ഞിരുന്നു. ആ യേശുവിന്റെ കൂടെയാണ് മകന്റെ നടപ്പെന്നു കേട്ടപ്പോൾ സമാധാനത്തിന്റെ ഒരു നെടുവീർപ്പ് അവളറിഞ്ഞു. ആ ദിവസങ്ങളിലൊക്കെ ഭയപ്പെടുത്തുന്ന ചിന്തകളോടെയല്ലാതെ ഉറങ്ങാനായി. ഉറക്കത്തിൽ ഭയാനകമായ സ്വപ്നങ്ങൾ കണ്ടുണർന്നതുമില്ല.

യൂദായുടെ സമപ്രായക്കാർ മീൻപിടിച്ചും കച്ചവടം ചെയ്തും ജീവിതം പുലർത്തിയിരുന്നു. അന്തിമയങ്ങുമ്പോൾ അവരുടെ വരവറിഞ്ഞ് അവരെ കാത്തിരുന്ന പെണ്ണുങ്ങൾ സ്നേഹവും നാണവും കലർന്ന മുഖത്തോടെ വീടിനുള്ളിൽ മറഞ്ഞു. അപ്പനമ്മമാർ സമാധാനത്തോടെ നെടുവീർപ്പിട്ടു. അപ്പൻ കൊടുത്ത പലഹാരപ്പൊതികളിൽ കുട്ടികൾ ആഹ്ലാദിച്ചു.

അവർക്കു പിന്നാലെ തന്റെ മകനും...........

കാത്തിരിന്നു യൂദായുടെ അമ്മയും. സൂര്യൻ അസ്തമിച്ചു. കൊടും ചൂടു ശമിച്ചു. ഇരുട്ടു പരന്നു. ഒരു രാത്രി സഞ്ചാരം ഇന്നിനിയില്ല എന്നറിഞ്ഞ് അവൾ സമാധാനിച്ചു.

അവൻ നാളെയാകും വരുന്നത്.

മനസ്സിനെ, ബോധത്തെ വലിച്ചുകീറി കടന്നുപോകുന്ന ചിന്തകൾക്കു മേലെയും അവൾ പ്രാർത്ഥിച്ചു കാത്തിരുന്നു. ചുട്ടുപൊള്ളുന്ന മണൽ വഴികളിൽ മകനെത്തിരഞ്ഞു. കതകുപാളികളുടെ അനക്കങ്ങളിൽ അവൾ ഉറക്കം തെളിഞ്ഞു. ജനാല വിരികൾ മാറ്റി പുറത്തു തിരഞ്ഞു. വാതിലു തുറന്നു പുറത്തിറങ്ങി.

സമയഭേദമില്ലാതെ മകനെത്തിരഞ്ഞു.

ചുറ്റുപാടും കുട്ടികൾ കളിക്കുന്നത്, കുസൃതി കാട്ടുന്നത്, വഴക്കിടുന്നത്, അപ്പനമ്മമാർക്കു സഹായമാകുന്നത് എല്ലാം ആർത്തിയോടെ കണ്ടുനിന്നു.

ആ കണ്ണുകളെ ഭയന്ന ചില അമ്മമാർ കുട്ടികളെ ആട്ടി അകത്തുകയറ്റി. കാർക്കിച്ചു തുപ്പി ബാധയകറ്റി. കൊതിയൂറുന്ന ആ കണ്ണുകളെ അവർ ഭയന്നു.

അപ്പോഴൊക്കെയും നിസ്സാഹായതയുടെ ചിരിവിടർന്ന ചുണ്ടുകളാൽ ദൈവത്തെ വിളിച്ചവൾ കരഞ്ഞു.



“ദൈവമേ......... എന്റെ മകനും വന്നിരുന്നെങ്കിലെന്ന്, അവന് ഭാര്യയും ഇതുപോലെ ഓടിക്കളിക്കുന്ന കുഞ്ഞുങ്ങളും ഉണ്ടായിരുന്നെങ്കിലെന്ന് ഞാനാശിക്കുന്നു എന്നതു നേരുതന്നെ. എന്നാൽ എന്റെ മന്സസിൽ ഈ കുഞ്ഞുങ്ങളോട് സ്നേഹം മാത്രമേ ഉള്ളല്ലോ.”

ഭക്ഷണം വിളമ്പി രാവേറെ ചെല്ലുംവരെ അവൾ മകനെ കാത്തിരുന്നു. മൺചട്ടിയിൽ വെള്ളം നിറച്ചു. മടുത്താകും വരുന്നത്. ദേഹം കഴുകി ക്ഷീണം മാറ്റണം. വിയർപ്പു നിറഞ്ഞ വസ്ത്രങ്ങൾ കഴുകണം. അവന്റെ ആവശ്യങ്ങളറിഞ്ഞ് ഓരോന്നൊരുക്കി കാത്തിരുന്നു. ആവശ്യങ്ങളെ ഭയന്ന മകന്റെ വിമുഖത അവളുടെ കണ്ണുകൾ നിറച്ചു.

നീണ്ട കാത്തിരിപ്പിനൊപ്പം അവൾക്കു ചുറ്റും ഒറ്റപ്പെടലിന്റെ ഒരു മതിൽ ഉയർന്നുവന്നു. വിരുന്നുകൾ സൽക്കാരങ്ങൾ, പ്രാർത്ഥനകൾ എന്നിവയിൽ നിന്നൊക്കെയും അവൾ പുറത്തായി.

വളർത്തുദോഷം പറഞ്ഞ് എല്ലാവരും ഒഴിഞ്ഞുമാറി. അവന്റെ അപ്പൻപോലും. മകനുവേണ്ടി വിളമ്പിയ ഭക്ഷണം തട്ടിത്തെറിപ്പിച്ചു കളയുന്നതിന്റെ പിന്നിലെ വികാരം, ആ നിസ്സഹായത. തൂകിപ്പോകുന്ന ഭക്ഷണം പോലെ ചിതറിപ്പോകുന്ന ആ പിതൃഹൃദയം. അയാൾ അയാളല്ലാതാകുന്നതു കണ്ട് ദൈവമേ...” എന്നവൾ കാറിക്കരഞ്ഞു.

പുറത്തുകളിക്കുന്ന കുട്ടികളിൽ നിന്നവൾ കഴിയുന്നത്ര ഉൾവലിഞ്ഞു. എങ്കിലും അവരുടെ ചിരിയും ആർപ്പുവിളികളും അവളെ ജനാലയിലേക്കടുപ്പിച്ചു. ജാലകപ്പഴുതിലൂടവരെ നോക്കി നിന്നു. കാഴ്ചകൾ നിഴലുകളായി. നിഴലുകളിൽ ജീവിക്കെ ഓരോ കാഴ്ചയേയും വേർതിരിച്ചെടുത്തവൾ പിറുപിറുത്തു.

അത് ഏലീശ്വയുടെ മകൾ ഹന്ന. മറ്റത് മറിയത്തിന്റെ മകൻ സാക്ക്.

നിലത്ത് വീണ് കരയുന്നത് റൂത്തിന്റെ കുഞ്ഞ്.

ആ കുഞ്ഞിനോടവൾക്ക് പ്രത്യേകമായൊരു താല്പര്യമുണ്ട്. പണ്ട് റൂത്തിനോടുണ്ടായിരുന്നപോലെ. ആ അമ്മ മനസ്സ് റൂത്തിനെ ഭയങ്കരമായി ഇഷ്ടപ്പെട്ടിരുന്നു.

കുഞ്ഞിന്റെ കരച്ചിൽ കേട്ടിട്ടും പിൻവിളികൾ അവളെ വാതിൽക്കൽ തടഞ്ഞു. നിഴലുകളിൽ തന്നെ ജീവിക്കണം എന്നോർമ്മപ്പെടുത്തി.

അങ്ങനെയിരിക്കുമ്പോഴാണ് യൂദാ ആ നസ്രയൽക്കാരൻ യേശുവിനൊപ്പം ചേർന്നു എന്നു സ്ഥിരീകരിക്കുന്നത്. പലരും അതു സാക്ഷ്യപ്പെടുത്തി. ആ സന്തോഷം മനസ്സിൽ നിറഞ്ഞപ്പോഴും എങ്ങോ ഒരു നിഴൽ വെളിച്ചത്തെ മറയ്ക്കുന്നല്ലോ എന്നവൾ ഭയന്നു.

മകന്റെ ഗൂഢമായ ചിന്തകളെയും പ്രവൃത്തികളേയും കുറിച്ചുള്ള ഓർമ്മ ആ അമ്മയുടെ നെഞ്ചിടിപ്പിരട്ടിപ്പിച്ചു. ഓരോ നിശ്വാസത്തിലും “എന്റെ ദൈവമേ.... എന്റെ മകനോടു കരുണയുണ്ടാകണമേ....” എന്നൊരു വിലാപമുയർന്നു.

ആ കണ്ണീര് യേശുവിനെതൊട്ടു.

തന്റെ മകനെയോർത്തുള്ള യൂദായുടെ അമ്മയുടെ നിലവിളികൾ, നിശ്വാസങ്ങൾ, പ്രാർത്ഥനകൾ എല്ലാം ഒരു ചാട്ടവാറടിപോലെ യേശു അനുഭവിച്ചു. പണസഞ്ചി സൂക്ഷിപ്പുകാരനാകാൻ നീണ്ട കൈകൾ! തന്റെ പീഠാനുഭവത്തിലേക്കു നയിക്കുന്ന

ദൈവത്തിന്റെ തിരുവഴിയിൽ യൂദായുടെ ചുംബനം!

തിരുവെഴുത്തിന്റെ കനൽവഴികൾ!

യൂദായുടെ ജീവനുവേണ്ടി സാത്താൻ പതിയിരിക്കുന്ന മരച്ചില്ലകൾ പോലും പിതാവ് അറിയുന്നുവല്ലോ!

ഏറ്റം പീഠിതനായ യേശു, കുരിശിന്റെ വഴിയിലെ നാലാംസ്ഥലത്ത് തന്റെ അമ്മയുടെ മിഴികൾക്കു മുന്നിൽ തകർന്നുപോയി.

പെട്ടന്നു മറ്റൊരു മുഖം തെളിയുന്നു.

യൂദായുടെ യാത്രയിൽ അവനെ കണ്ടുമുട്ടുന്ന അവന്റെ അമ്മ.

ധമനികൾ പൊട്ടി, ചോരപൊടിഞ്ഞ മിഴികളിലൂടെ യേശു കണ്ടു, യൂദായുടെ അമ്മയുടെ ചോരപൊടിയുന്ന ഹൃദയം. അത് ഹൃദയഭിത്തികളിൽ തട്ടി താറുമാറാകുന്നത്. ഏങ്ങലടിച്ചോടുന്ന ശ്വാസത്തിൽ പോലും ചോര ചിതറുന്നത്.

തന്റെ പീഠാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും വഴികളിൽ ആ അമ്മയുടെ അലമുറകൾ യേശുവിന്റെ പങ്കപ്പാട് ഏറ്റുകയാണ്.

കുരിശിൻ ചുവട്ടിൽ തന്റെ അമ്മയുടെ വിലാപമുഖം. മങ്ങുന്ന കാഴ്ചയ്ക്കപ്പുറം..... വ്യാകുലയായ മറ്റൊരമ്മ.

അതെ തന്റെ വേദനയുടെ തീവ്രതയിലും യേശു അന്യന്റെ വേദനയറിയുന്നു.

അടഞ്ഞുപോകുന്ന കൺപോളകൾക്കുള്ളിൽ അവ്യക്തമാകുന്ന കാഴ്ചകളിലും യേശു അറിയുന്നു.....

വിധി പൂർത്തീകരണം!

ഒറ്റുകാശുപേക്ഷിച്ച് ഭ്രാന്തനായോടുന്ന യൂദാ.

രോമകൂപങ്ങളിൽ വെന്തിറങ്ങുന്ന പൊള്ളലോടെ, വസ്ത്രാഞ്ചലങ്ങലിൽ ആളുന്ന അഗ്നിയുമായോടുന്ന യൂദാ. ആ വേവിലൂടെ ഭ്രാന്തിയെപ്പോലെ മകനു പുറകെ ഓടുന്ന അമ്മ.

അവർക്കു ചുറ്റും വേദന ഒരു കടൽപോലെ പരന്നു.

അമ്മയുടെ കണ്ണുകളിൽ നോക്കാൻ മകനു കഴിഞ്ഞില്ല. അവന്റെ കണ്ണുകൾ........ എരിയുന്ന അഗ്നികുണ്ഡങ്ങളായിരുന്നവ.

മണലാരണ്യങ്ങളും തരിശും പാറക്കൂട്ടങ്ങളും കടന്നവനോടി.

വഴിയിൽ കാൽതട്ടി തളർന്നു വീണു.

എഴുന്നേക്കാനൊരു ശ്രമത്തിൽ അറിയുന്നു

തനിക്കുമേൽ ഉയർന്നു പടർന്നൊരു മരം.

അതിന്റെ തന്നിലേക്കു ചായുന്ന ചില്ലകൾ!

സാത്താന്റെ കൈവേലകൾ ജയിക്കുന്ന മരച്ചില്ല.

തിരുവെഴുത്തിന്റെ പൂർത്തീകരണം.

മനുഷ്യരക്ഷയ്ക്കായ് ബലികഴിയ്ക്കപ്പെട്ട യേശു.

ആ യേശുവിനെ വഹിച്ച പരിശുദ്ധഉദരം

ഒറ്റുകാരനാകാൻ വിധിക്കപ്പെട്ട യൂദാ!

യൂദായെ വഹിച്ച ഉദരം. ആകുമായിരുന്നില്ല.

തന്റെ മകനെ നരകാഗ്നിയുടെ ചൂടിലേക്ക് എറിഞ്ഞു കൊടുക്കാൻ അവർക്കാകുമായിരുന്നില്ല.

ജിവിതത്തിലുടനീളം പഴിക്കപ്പെട്ടു. പിശാചിന്റെ വഴികളിലൂടെ ആർത്തി പൂണ്ടു നടന്നു. തിരിഞ്ഞു നോക്കാനാകാതെ പിഴവിന്റെ വഴിയേ മുന്നേറി. എന്നിട്ടും നരകത്തിന്റെ അഗാധ ഗർത്തത്തിലേക്ക് തന്റെ മകനെ വിട്ടുകൊടുക്കാൻ ആ അമ്മ തയ്യാറാല്ലായിരുന്നു.

പ്രാർത്ഥിച്ചു. വിശ്വസിച്ചു. കാറിക്കരഞ്ഞു യാചിച്ചു. നെഞ്ചു പറിച്ചെടുത്ത് കൈക്കുമ്പിളിൽ നീട്ടിക്കൊടുത്തു, ദൈവത്തിന്.

ആ കണ്ണീര്! അതിന്റെ ചൂട്, പാപങ്ങളെ ശുദ്ധീകരിച്ചു. ലോഹപ്പൂട്ടുകളെ ഇളക്കി.

ഒരമ്മയുടെ നെഞ്ചിൽ കത്തിപ്പടർന്ന തീയുടെ ചൂട്. ആ ചൂളയിൽ നിന്നു വെന്ത് തലതല്ലിക്കരഞ്ഞ് ദൈവത്തെ വിളിച്ച് പഴുതൊന്നുമില്ലാതെ ആ കൈകളിൽ വച്ചു കൊടുത്തു, പിഴവായിപ്പോയ തന്റെ മകന്റെ ആത്മാവിനെ

ആകുമായിരുന്നില്ല

ആ കരച്ചിൽ കേൾക്കാതിരിക്കാൻ....

ആ നെഞ്ചിടിപ്പിന്റെ മുഴക്കം അറിയാതിരിക്കാൻ.....

ആ നെഞ്ചിൽ ആളിപ്പടർന്ന അഗ്നിയുടെ ചൂടിൽ പൊള്ളാതിരിക്കാൻ....

ദൈവത്തിനാകുമായിരുന്നില്ല.

തലതല്ലിത്തളർന്ന ആ അമ്മയുടെ കണ്ണുകൾ മെല്ലെ മെല്ലെ അടയെ

അവൾക്കു കാണാമായിരുന്നു...

യൂദാ തൂങ്ങിയാടിയ മരച്ചുവട്ടിൽ, രക്തം ചിതറി വീണ ഭൂപ്രദേശങ്ങളിൽ വിടർന്നു വരുന്ന ലില്ലിപ്പൂക്കളുടെ ധവളിമ.

ഏങ്ങിപ്പിരിയുന്ന അവസാന ശ്വാസത്തിലും അവൾക്കു ശ്വസിക്കാമായിരുന്നു – വെളുത്ത ലില്ലിപ്പൂക്കളുടെ പരിമളം

ദൈവം സ്നേഹമാണ്, കരുണയാണ്, ക്ഷമയാണ്.

# മീൻകാരൻ ബാപ്പ



**അബ്ദുൾ**
**പുന്നയൂർക്കുളം**

**മീ**ൻകാരനായ എന്റെ ബാപ്പ
സുബ്ഹ് വിളിക്ക് മുമ്പായി
കടപ്പുറം പോയി മീൻ വാങ്ങി
തലയിലേറ്റി വീടു വീടാന്തരം കയറിയിറങ്ങി
രാവേറെ വൈകിയെത്തുന്ന ബാപ്പ
എനിക്കപരിചിതനായിരുന്നു
കാസരോഗിയെപ്പോലെ കിതച്ചും ചുമച്ചും
ചുമടിറക്കാൻ ഒരത്താണി കാണും വരെ
ചുട്ടമണ്ണിലൂടെ നഗ്നപാദനായാണ് ബാപ്പ
നടന്നിരുന്നതെന്ന് എനിക്കറിയില്ലായിരുന്നു!
ചൂടേറുമ്പോൾ ബാപ്പയുടെ മുണ്ഡനം
ചെയ്ത ശിരസ്സിൽ നിന്നൊഴുകിവരുന്ന
സ്വേദമുത്തുകളൊപ്പുന്ന
ഉറുമാലിന്റെ എണ്ണമേറിയിരുന്നത്
എനിക്കജ്ഞാതമായിരുന്നു!
ചോരുന്ന കുടിൽകെട്ടാനുപ്പ ദൂരെ
നിന്നോലകൊണ്ടുവന്നതും പാതിരാത്രിയിൽ
ചോർച്ച മാറ്റിയതും ഞാനറിഞ്ഞിരുന്നില്ല.
ബാപ്പ കൊണ്ടുവരുന്ന ഇഷ്ടഭോജ്യങ്ങൾ
ചിരികളിതമാശയോടെ ഭുജിക്കുമ്പോഴതിന്റെ
ഉറവിടത്തെപ്പററി ഒരിക്കലും ചിന്തിച്ചിട്ടില്ല!
ജീവിതഭാരമേറിയപ്പോൾ
ബാപ്പ ചുമട് തലയിൽനിന്ന് ചുമലിലേക്കും
പിന്നെ കാവിലേക്കു മാറ്റിയതും
കാവും ചുമലും ഞെളിപിരികൊണ്ട് കരഞ്ഞതും
ബാപ്പാക്ക് കൂന് വന്നതും
വീണ് തുടയെല്ല് പൊട്ടിയതും
മുടന്തിനടന്നതൊന്നും ഞാൻ ഗൗനിച്ചേയില്ല!
കിടപ്പിലായ ബാപ്പയെ മീൻമണമുണ്ടെന്നാരോപിച്ചു
ഉമ്മ മാറ്റികിടത്തിയതും മാസങ്ങൾ പിന്നിട്ടിട്ടും
മണം മാറുന്നില്ലെന്ന് മുറുമുറുത്തുമ്മ ഉറ്റവരെ അകറ്റി നിർത്തിയതും
ഏവരും അറിഞ്ഞെങ്കിലും ആരുമൊന്നും ഉരിയാടിയില്ല!
ഉപ്പയുടെ വരണ്ട തൊണ്ടയിൽ നിന്ന്
ആഴത്തിലുള്ള ശബ്ദം ചിലമ്പി വീഴുന്നതും
ആർദ്രമായ നേത്രഗോളങ്ങളെന്നെ പിൻതുടരുന്നതും
ഞാനവഗണിച്ചെങ്കിലും, ഒടിവിൽ ഒട്ടിയ കവിളിലൂടെ അശ്രു
ചാൽ കീറിയത് കണ്ടില്ലെന്ന് നടിക്കാൻ മകനെനിക്കായില്ല!!

*കാവ്= തോളിൽ ഭാരം വഹിക്കാൻ ഉപയോഗിക്കുന്ന തണ്ട്.

# Gurukulam- Through Early Years







# Gurukulam- Classes Through the Years








# Gurukulam- Classes Through the Years







## Gurukulam- Classes Through the Years








# Gurukulam- Classes Through the Years







# Gurukulam- Classes Through the Years







# Gurukulam- Classes Through the Years







# Gurukulam- Classes Through the Years









# Gurukulam- Classes Through the Years













# Gurukulam- Classes Through the Years







# Gurukulam- Classes Through the Years







# Gurukulam- Classes Through the Years








# Gurukulam- Classes Through the Years







# Gurukulam- Classes Through the Years







# Gurukulam- Classes Through the Years








# Gurukulam- Classes Through the Years





# Celebrations













# Celebrations


















# Celebrations



# Celebrations



# Celebrations

























# Celebrations













# Celebrations









# Celebrations








# Talent Competitions





**മാടശ്ശേരി
നീലകണ്ഠൻ**




മുത്തശ്ശന്റെ കളിപ്പാട്ടം
പൊക്കത്തിൽക്കണ്ട കൊച്ചുമോൻ
എത്താപ്പുറത്തു കൈയെത്താ-
നേങ്ങിക്കേറി കസേരമേൽ


കാൽവിരൽത്തിമ്പിലേറി,കൈ
നീട്ടി നീട്ടിക്കിണഞ്ഞവൻ
പിടിക്കുള്ളിലൊതുക്കീ,യ-
പ്പുത്തൻ ക്യാമറ നിർഭയം.

വിജയത്തിന്റെയുത്സാഹ-
ത്തള്ളലിൽത്താഴെ വന്നവൻ
വിശ്വസിക്കാത്തപോൽ നെഞ്ചോ-
ടണച്ചു പുതുകൗതുകം.

'പുഞ്ചിരിക്കെ'ന്നുതൻ പൂച്ച-
ക്കുഞ്ഞിന്നാജ്ഞ കൊടുത്തുടൻ
ക്യാമറാപാടവം കാട്ടാൻ
കുട്ടൻ തയ്യാറെടുക്കവേ,

കലമ്പിയെത്തീ മുത്തശ്ശൻ,
ഉള്ളിലെക്കുഞ്ഞുറങ്ങിയോൻ,
തൽക്ഷണം ശൂന്യമായ് കുഞ്ഞി-
ക്കൈകളാ,ക്കൺകളാർദ്രമായ്.

തെല്ലു വിസ്മയവും തെല്ലു
കണ്ണീരും മന്ദഹാസവും
ചേരുമക്കൊച്ചുവദനം
തൊടുത്തു ചോദ്യമിങ്ങനെ
'എല്ലാം പങ്കിടുവാനല്ലേ
മുത്തശ്ശൻ ചൊന്നതിന്നലെ
എൻകളിപ്പാട്ടമല്ലെങ്കിൽ
പങ്കുവെക്കേണ്ടതില്ലയോ?'
മുതിർന്നോർ നീതിയെപ്പിഞ്ചു-
ചിത്തത്താലിഴചേർത്തവൻ
കളിക്കാനോടി - ഞാനോ നാ-
വുറഞ്ഞു നിലകൊൾകയായ്!



വർഗീസ് ചുങ്കത്തിൽ

# ഗുരുകുലം

## ഇരുപത്തഞ്ചാം വാർഷികം

# ആഘോഷിക്കുമ്പോൾ....

**ഭാഷയും**, വേഷവും, പൈതൃകസംസ്കാരവും, പരമ്പരാഗതമായ കലാരൂപങ്ങളും അഭ്യസിപ്പിച്ച് അമേരിക്കയിലെ നമ്മുടെ വരും തലമുറയ്ക്ക് കഴിഞ്ഞ 25 വർഷം ശ്രേഷ്ഠമായ സേവനം നടത്തിവരുന്ന 'ഗുരുകുലം' വിദ്യാലയത്തിനും, പ്രവർത്തകർക്കും അഭിനന്ദനങ്ങളുടെ പൂച്ചെണ്ട്!

'ആവശ്യം സൃഷ്ടിയുടെ മാതാവ്' എന്ന തത്വമാണ് പലപ്പോഴും പഠനകാര്യങ്ങളിൽ അനുവർത്തിക്കാറുള്ളത്. ഹൈസ്ക്കൂളിൽ ഇംഗ്ലീഷിനു പുറമെ സ്പാനീഷ്, ഫ്രഞ്ച്, ലാറ്റിൻ എന്നീ ഭാഷകളിലേതെങ്കിലും പഠിച്ചിരിക്കണമെന്നുള്ള ആവശ്യകത കൊണ്ടാകണം കുട്ടികളും മാതാപിതാക്കളും ആവിധ കാര്യങ്ങളിൽ ആതീവ ശ്രദ്ധാലുക്കളാകുന്നത്. കണക്ക്,സയൻസ്,ചരിത്രം ആതിയായ വിഷയങ്ങളിൽ 100% മാർക്ക് നേടുവാൻ എല്ലാവരും കഠിനാദ്ധ്വാനം ചെയ്യുന്നു. ഔദ്യോഗിക മേഖലകളിൽ വിജയിക്കുവാൻ ഈ കഠിന ശ്രമം ആവശ്യമാണുതാനും.

ഒരേ തൂവൽപക്ഷികളൊത്തുകൂടുന്നതുപോലെ, ഒരേ ഭാഷ സംസാരിക്കുന്നവർ സംഘടിക്കുകയും സൗഹൃദത്തോടെ വർത്തിക്കയും ചെയ്യും. വലിയ വിദ്യാഭ്യാസ യോഗ്യതകളും, ഉയർന്ന ഔദ്യോഗിക പദവികളും, ഭാരിച്ച ധനവും ജീവിത വിജയത്തിന് ആവശ്യമെങ്കിലും മാനസിക ഉല്ലാസത്തിനും ഉദാത്തമായ ജീവിതത്തിനും വ്യക്തി അവനെത്തന്നെ തിരിച്ചറിയണം. മാതാപിതാക്കളും ബന്ധുമിത്രാദികളും, തന്റേതായ സമൂഹവും, വിശ്വാസാചാരങ്ങളുമൊക്കെയാണ് ഒരുവന് ആത്മഹർഷം നൽകുന്നത്. ചിന്തിക്കുവാനറിയാം പക്ഷെ ചിരിക്കുവാനറിയില്ലായെന്ന ദുർഗതിയാണിന്ന് നമ്മുടെ കുട്ടികളിൽ പലരും നേരിടുന്ന പ്രശ്നം. കുട്ടികളെ മിടുക്കരാക്കാനുള്ള തത്രപ്പാടിൽ അവരെ സ്നേഹമുള്ള, സഹാനുഭൂതിയുള്ള, മന:സാക്ഷിയുള്ള, നൻമയുള്ള നല്ല കുട്ടികളായി വളർത്തുവാൻ മറന്നു പോയെന്ന പരിദേവനം കേൾക്കാറുണ്ട്.

ഭാരതീയ സംഗീതത്തിന്റെയും, വാദ്യോപകരണങ്ങളുടെയും ശ്രുതിയും, താളവും, ലയവും, സ്വാന്തനവും, നൃത്തരൂപങ്ങളിലെ ചടുല ചുവടും, അംഗവിക്ഷേപങ്ങളും, ഭാവവും, ശരീര-മനസ്സിന്റെ ഏകാഗ്രതയും, ഭാരതീയ ഭാഷകളിലെ അർത്ഥതലവും, സമൂഹത്തിന്റെ കയ്യടിയും, പ്രോത്സാഹനവും, അംഗീകാരവും, അമ്മ മലയാളത്തിന്റെ ആലിംഗനവുമെല്ലാം നമുക്കൊരു ഉൾവെളിച്ചവും, കരു

ഒരേ തൂവൽപക്ഷികളൊത്തുകൂടുന്നതുപോലെ, ഒരേ ഭാഷ സംസാരിക്കുന്നവർ സംഘടിക്കുകയും സൗഹൃദത്തോടെ വർത്തിക്കയും ചെയ്യും. വലിയ വിദ്യാഭ്യാസ യോഗ്യതകളും, ഉയർന്ന ഔദ്യോഗിക പദവികളും, ഭാരിച്ച ധനവും ജീവിത വിജയത്തിന് ആവശ്യമെങ്കിലും മാനസിക ഉല്ലാസത്തിനും ഉദാത്തമായ ജീവിതത്തിനും വ്യക്തി അവനെത്തന്നെ തിരിച്ചറിയണം. മാതാപിതാക്കളും ബന്ധുമിത്രാദികളും, തന്റേതായ സമൂഹവും, വിശ്വാസാചാരങ്ങളുമൊക്കെയാണ് ഒരുവന് ആത്മഹർഷം നൽകുന്നത്. ചിന്തിക്കുവാനറിയാം പക്ഷെ ചിരിക്കുവാനറിയില്ലായെന്ന ദുർഗതിയാണിന്ന് നമ്മുടെ കുട്ടികളിൽ പലരും നേരിടുന്ന പ്രശ്നം. കുട്ടികളെ മിടുക്കരാക്കാനുള്ള തത്രപ്പാടിൽ അവരെ സ്നേഹമുള്ള, സഹാനുഭൂതിയുള്ള, മന:സാക്ഷിയുള്ള, നൻമയുള്ള നല്ല കുട്ടികളായി വളർത്തുവാൻ മറന്നു പോയെന്ന പരിദേവനം കേൾക്കാറുണ്ട്.

ത്തും നൽകുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിലാണ് 'ഗുരുകുലം' പാഠശാലയുടെ പ്രസക്തി മനസ്സിലാകുന്നത്.

ഒട്ടേറെ കുട്ടികളും മാതാപിതാക്കളുടെ നിർബന്ധത്തിനു വഴങ്ങിയാണ് മലയാളം ക്ലാസ്സിൽ വരുന്നത്. മനസ്സില്ലാത്തവരെ ഭാഷ പഠിപ്പിക്കുകയെന്നത് അതീവ ക്ലേശകരമാണ്.അമേരിക്കൻ സ്കൂൾ അന്തരീക്ഷത്തിൽ നിന്നും ആർജ്ജിക്കുന്ന, എന്നാൽ അദ്ധ്യാപകരെ അവിടെ ചിലവാക്കാത്ത വികൃതികൾ പരീക്ഷിക്കുന്നത് മലയാളം ക്ലാസ്സിലെ പാവം അങ്കിളിന്റയും ആന്റിയുടെയും അടുത്താണ്. കർശനമായി ഒന്നും പറയുവാൻ പറ്റില്ലല്ലോ. കാരണം നന്നാക്കുവാൻ ശ്രമിച്ചാൽ മാതാപിതാക്കളുടെയടുത്തും, പുറത്തും പരാതി ചെല്ലും. 'മീൻ മൈൻഡ്ഡ്' അദ്ധ്യാപകരെപ്പറ്റി.

കഴിഞ്ഞ മുപ്പത്തിമൂന്നു വർഷം ആയിരത്തിൽപരം കുട്ടികളെ മലയാളം പഠിപ്പിക്കുവാൻ കഴിഞ്ഞുവെന്നതിൽ സന്തോഷിക്കുന്നു. ഓരോ ക്ലാസ്സും സർഗാത്മകമായൊരു പ്രവർത്തനത്തിന്റെ ധന്യത നൽകുന്നു. നമ്മുടെ കുട്ടികളിൽ ചിലരെങ്കിലും മലയാളം പഠിക്കുവാൻ കാണിക്കുന്ന ഉൽസുകത വളരെ ആനന്ദകരമാണ്. രണ്ടാം തലമുറക്കാരായ മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ മലയാളം അഭ്യസിപ്പിക്കുവാൻ കൃത്യതയോടെ കൊണ്ടുവരുന്നതും കുട്ടികളോടൊപ്പം ക്ലാസ്സിലിരുന്നു പഠിക്കുന്നതും പ്രോത്സാഹനജനകമാണ്.

ജന്മദേശത്തന്റെയും പൈതൃകസംസ്ക്കാരത്തിന്റെയും സ്വാധീനം മനുഷ്യ സ്വഭാവത്തിലും,ആചാരനുഷ്ഠാനങ്ങളിലും പ്രകടമായിരിക്കും. മാതൃസ്നേഹത്തിന്റെ വശ്യഭാവമാണ് ഭാഷയിലൂടെ പ്രകടമാകുന്നത്. ഭാഷയാണ് സമൂഹത്തെ ഒന്നായി നിർത്തുന്നതും. ചരടിൽ കോർത്താൽ മണിമുത്തുകൾ ആഭരണമാകും. മക്കളാണ് കുടുംബത്തിന്റെ ശക്തിയും, പ്രകാശവും. നഷ്ടമായാൽ ഏറ്റം ദു:ഖിപ്പിക്കുന്നതും അവർ തന്നെ. വ്യക്തിത്വമാണ് ഒരുവനെ ശ്രേഷ്ഠമാക്കുന്നത്., ആയതിന് സ്വന്തം ഭാഷയും,വിശ്വാസവും,ആചാരങ്ങളും,സാമൂഹ്യബന്ധങ്ങളും അനിവാര്യമാണ്. ഇത്തരത്തിലാണ് ഇരുപത്തഞ്ചാം വാർഷികം ആഘോഷിക്കുന്ന ഗുരുകുലം പോലെയുള്ള വിദ്യാലയങ്ങളുടെ നിശബ്ദ സേവനങ്ങൾ ബോധ്യപ്പെടുക; അനുമോദനങ്ങൾ.

*Active member of Kerala Cultural Association of North America, Inc, Queens; Co-founder and Teacher pf KCANA Jose Joseph Memorial Malayalam School since 1985,Former High School Math Teacher.*

*Varghese Chunkathil,*
*Floral Pask*



# പ്രണയകവിതകൾ




സന്തോഷ് പാലാ

## അകലം


മിണ്ടിക്കളിച്ചങ്ങിരുന്നതില്ലേ സഖേ,
ചുണ്ടിൽ മൃദുഹാസമെത്തിയില്ലേ?
കണ്ണുകൾ കണ്ണുകൾ തമ്മിൽ മന്ത്രിച്ചതോ
കാണാതിരിക്കുക വയ്യന്നൊരിക്കലും
എന്തുനിനച്ചാലുമെന്തുപറഞ്ഞാലും
എത്ര അകലെയാണിന്നുനീ, യീഞാനും.

## അടുപ്പം

മിണ്ടാട്ടമില്ലാതെ നിന്നാലുമെൻ സഖേ,
മിണ്ടിയില്ലേ നമ്മൾ നൂറു വട്ടം
കണ്ണടച്ചാണു നീ നാണിച്ചതെങ്കിലും
കണ്ടതില്ലേ നമ്മൾ എത്ര വട്ടം
കാലം കുറച്ചേറെയായിതെന്നാകിലും
എത്ര അടുപ്പമാണന്നുമിന്നും.



# ഒരേ തൂവൽ പക്ഷികൾ



ഡോ. ഷീല എൻ പി

"എന്നെ അറിയുമോ?"

'അറിയുമോന്ന്! നീ ഞാൻ പിളർന്നുണ്ടായതല്ലേ?'

'എന്താ സംശയം? നാം ഇരട്ടയല്ലേ'? അല്ലെങ്കിൽ അച്ഛനും മകനും!

'അതെ പിറന്നാളും ഒരേ ദിവസം'! അദ്ഭുതം തന്നെ!

'അപ്പോൾ നമുക്കാഹ്ലാദിക്കാം. തിന്നുക, കുടിക്കുക. നമ്മുടെ പാർട്ടിയിൽ പങ്കെടുക്കുന്നവരെയും കുടിപ്പിക്കണം. അല്ലെങ്കിൽ നമ്മുടെ നിർബന്ധപ്പിരിവിന് എന്തർത്ഥം'!

രണ്ടു മഹാ സംഘടനകൾ തമ്മിൽ ഇങ്ങനെയൊരു സൗഹൃദസംഭാഷണം നടന്നതായി സങ്കൽപ്പിച്ചാൽ ഇതിൽ കവിഞ്ഞ ലക്ഷ്യമൊന്നും ഇതിന് ജനം കണ്ടെന്നു വരികയില്ല.

എടുത്തുപറയാൻ മറ്റൊന്നുകൂടിയുണ്ട്. പത്രങ്ങളായ പത്രങ്ങളിലും സകല ദൃശ്യമാധ്യങ്ങളിലും പേരും പടവും പ്രത്യക്ഷപ്പെടുക, അതു കണ്ടും കാണിച്ചും സായൂജ്യമടയുക! ജീവിതത്തിന് ഇത്തരം മഹത്തായ ലക്ഷ്യങ്ങളില്ലെങ്കിൽ എന്തു ജീവിതം! യശോലമ്പടനും ഇന്നിന്റെ മുഖ്യലഹരിയാണല്ലോ.

എന്നാൽ വിവേകികൾ ഇത്തരം മാമാങ്കമത്സരങ്ങൾക്കു മാർക്കിടുക 'അന്തസ്സരവിഹീനമായ ഒരാൾക്കൂട്ടം' എന്നാണ്. ജീവിതം ജനോപകാരപ്രദമാക്കാനോ വിജ്ഞാനപ്രദമാക്കാനോ ഉതകുന്ന എന്തെങ്കിലും നൽകാൻ ഈ തഥാകഥിത സംഘടകൾക്കാകുന്നുണ്ടോ? മത്സരബുദ്ധി വളർത്തി കോപ്രായങ്ങൾ കാണിച്ചാൽ വിഡ്ഢികൾ കയ്യടിക്കും, വിവേകികൾ സഹതപിക്കും. പാഴ്ജന്മങ്ങളെ



യോർത്ത് പശ്ചാത്തപിക്കും. ഇത്തരം കുറെ സഹജീവികളെ എന്തിനു നൽകിയെന്ന്, അഥവാ എന്തിനു മെനഞ്ഞുവെന്ന് ആ വലിയ കുശവനോടു പരാതിപ്പെട്ടേക്കാം. തലയിൽ ഫിറ്റുചെയ്തിരിക്കുന്ന വകതിരിവിന്റെ ടോർച്ച് തെളിക്കാൻ മറന്ന് അതിന്റെ ബാറ്ററി ഉപയോഗശൂന്യമായിപ്പോയതു പോലും ശ്രദ്ധിക്കുന്ന സാലഭഞ്ജികൾ!

ബാറ്ററി മാറ്റി ടോർച്ച് തുടച്ചുമിനുക്കി പുതിയ ബാറ്ററിയിട്ട് പ്രവർത്തനക്ഷമമാക്കാൻ സമയം വൈകിയിട്ടൊന്നുമില്ല. അപ്പോൾ പിശകുകൾ മനസ്സിലാക്കി എല്ലാം ശരിയായി ക്രമീകരിക്കാവുന്നതേയുള്ളൂ. രാജാവിന്റെ ചെവി കഴുതച്ചെവിയാണെന്ന യാഥാർത്ഥ്യം മറച്ചുപിടിക്കാതെ അതംഗീകരിക്കുന്നതിലാണ് മഹത്വമിരിക്കുന്നത്. സത്യം തത്ക്കാലത്തേക്കു മറഞ്ഞിരിക്കും; നുണയുടെ എഴുന്നള്ളത്തു കടന്നുപോകാൻ അനുവദിക്കും. എന്നാൽ അതിനുശേഷം മഹിമയോടെ പ്രത്യക്ഷപ്പെടും. ഇതൊരു സർവ്വകാല പ്രതിഭാസമാണ്; സനാതന സത്യവുമാണ്.

'സംഘടിച്ചു ശക്തിനേടുവിൻ' എന്നാണു മഹത്വചനം. വിഘടിച്ചുനിന്നാൽ വീറുപോയിക്കഴിഞ്ഞ്, കാറ്റുപോയ ബലൂണിന്റെ പരിതാപകരമായ അവസ്ഥയിലേക്കു പിൻവാങ്ങും. 'ചോര തുടിക്കും ചെറുകയ്യുകളേ'! നമ്മുടെ പക്കൽ എന്തുണ്ട്? കുറച്ചു പണവും ഏറെ വൈരാഗ്യബുദ്ധിയും പിന്നെ ദുർമാതൃകയുമോ? ജ്വലിച്ചു നിൽക്കുന്ന ജ്ഞാനദീപത്തിനു പകരം അജ്ഞാനത്തിന്റെ തമ:സ്തംഭങ്ങളല്ലല്ലൊ പിഞ്ചുകരങ്ങളിൽ സമർപ്പിക്കേണ്ടത്.

പേരും പെരുമയും സ്നേഹവും ബഹുമാനവുമൊക്കെ സ്വാർജ്ജിതങ്ങളാണ്. ബലാൽ ലഭിക്കുന്നവയല്ല. നമ്മുടെ പെരുമാറ്റം, വാക്ക്, നോക്ക് എല്ലാം - നമ്മുടെ വ്യക്തിത്വത്തിന്റെയും അഭിരുചിയുടെയും സംസ്കാരത്തിന്റെയും നിദർശനങ്ങളാണ്.


നാട്ടുകാരുടെ പോക്കറ്റിലിരിക്കുന്ന കാശെടുത്തു ദീപാളി കുളിക്കുന്നതിൽ എന്തർത്ഥമാണുള്ളത്? പങ്കപ്പാടുപെട്ട് ഈ സ്വപ്നഭൂമിയിൽ വന്നെത്തുന്ന സാധുക്കൾക്ക് അനേകം പ്രശ്നങ്ങളുണ്ട്. വിഭിന്ന സംസ്ക്കാരവും ജീവിതപ്രശ്നങ്ങളും ആശയങ്ങളും തമ്മിലുള്ള സംഘടനം- അതിൽ നിന്നുണ്ടാകുന്ന മാനസിക സംഘർഷങ്ങൾ, ഗ്രീൻകാർഡിന്റെ പ്രശ്നം, പൗരത്വപ്രശ്നം, പാർപ്പിട പ്രശ്നം, കുടുംബങ്ങളുടെ, സമൂഹത്തിന്റെ സമുദായത്തിന്റെ പൊതുപ്രശ്നങ്ങൾ - അങ്ങനെ ഒട്ടനവധി പ്രശ്നങ്ങളുമായി ജനം നട്ടം തിരിയുമ്പോൾ റോമാനഗരം കത്തിയെരിയുന്നതു കണ്ടിട്ടും നിശ്ചിതനായിരുന്ന് വീണവായിക്കുന്ന നീറോ ചക്രവർത്തിയുടെ നയം ജനം ക്ഷമിക്കയില്ല.

നാട്ടിൽ നിന്ന് കാശുമുടക്കി ഇറക്കുമതി ചെയ്യുന്ന മന്ത്രിമാർക്കും ഇതര വി.ഐ.പികളും നമുക്ക് എന്തു ഗുണിതമാണ് ചെയ്യുന്നത്? അവരെ എഴുന്നള്ളിച്ച് പാപ്പാന്മാരായി നടക്കുന്ന നിങ്ങളുടെയും ഫോട്ടോയും പേരും തുടങ്ങിയവരേയും കണ്ടിട്ട് നിങ്ങൾ എന്തു സുകൃതം നേടി?

കവിത

# നന്മതൻ പൂമരം

**നന്മ**സ്വരൂപന്റെ നാമത്തിൽ നിങ്ങൾക്കു
നന്മകൾ നേരുന്നു കൂട്ടുകാരേ!
നാക്കിലും നോക്കിലും നിങ്ങളിലെപ്പോഴും
നന്മകൾ മാത്രം നിറഞ്ഞിടട്ടെ!
നല്ല പ്രവൃത്തികൾ ചെയ്തിടട്ടെ,
നല്ലൊരു നാളെ പിറന്നിടട്ടെ!
നാട്ടിലും വീട്ടിലും നന്മ നിറയട്ടെ
നാൾക്കുനാൾ നിങ്ങൾ വളർന്നിടട്ടെ!
നേടുന്നതൊക്കെയും നൽകുക, പിന്നെയും
നൽകുന്നതൊക്കെയും നേടീടുക!
നേടിക്കൊടുക്കുന്നതിൽ പരം മറ്റെന്തു
നേട്ടമീ ലോകത്തിൽ കൂട്ടുകാരേ?
നന്മ നിറഞ്ഞ ഹൃദയങ്ങളാകുക,
നന്മതൻ പൂമരമായീടുക!



**ജോസ് ഓച്ചാലിൽ**

ചെറുകഥ



റീനി മമ്പലം

# ക്ലാവ്



**ഭർത്താവിന്റെ** കാർ ഡ്രൈവേ കയറി വരുന്നത് രാധികയ്ക്ക് ജനാലയിലൂടെ കാണാമായിരുന്നു. ഗരാജ്ഡോർ ഓപ്പണറിന്റെ മാന്ത്രികതയിൽ തുറക്കുന്ന ഗരാജ്ഡോറിന്റെ ശബ്ദം. നിമിഷങ്ങൾക്കുള്ളിൽ വീടിന്റെ മുൻവാതിൽ തുറന്ന് അയാൾ അകത്തു കയറും. ബ്രീഫ്കേസ് നിലത്ത് വെച്ച് ഷൂസ് ഊരി മാറ്റി ക്ലോസറ്റിൽ ജാക്കറ്റ് തൂക്കിയിടും. താമസിയാതെ അയാൾ അടുക്കളയിൽ പ്രത്യക്ഷപ്പെടും. വർഷങ്ങളായി ഈ നിമിഷങ്ങൾക്ക് ഒരേ നിറമാണ്, പഴകി അവയുടെ തിളക്കം നഷ്ടപ്പെട്ടിരുന്നു. മഞ്ഞുപോലെ ഉറഞ്ഞ്, മഞ്ഞുതുള്ളി

പോലെ സുതാര്യവും......

അന്നത്തെ തപാലിൽ വന്നതെല്ലാം അടുക്കള മേശപ്പുറത്തിരിക്കുന്നുണ്ടാവും. അവ കയ്യിലെടുത്ത് തിരിച്ചും മറിച്ചും നോക്കി അയാൾ പിറുപിറുക്കും "ഇത്രയും ബില്ലുകളോ?" ആവശ്യമില്ലാത്ത പരസ്യങ്ങൾ അയാൾ റീസൈക്ലിങ്ങ് ബാസ്ക്കറ്റിലേയ്ക്ക് എറിയും. അയാൾ പത്തടികൂടി നടന്നാൽ സിങ്കിൽ പാത്രം കഴുകുകയോ, സ്റ്റൗവിൽ പാചകം ചെയ്തുകൊണ്ടിരിക്കയോ ചെയ്യുന്ന രാധികയുടെ അടുത്തെത്താം. അയാൾ അവൾക്കൊരു ചുംബനം നൽകും. ചുംബനങ്ങൾക്ക് പഴയ ഊഷ്മളത എന്നേ നഷ്ടപ്പെട്ടിരുന്നു. ഇപ്പോൾ

അയാളുടെ മൂക്കിനും അധരങ്ങൾക്കും വിന്ററിന്റെ തണുപ്പാണ്.

"പൂമുഖ വാതിക്കൽ സ്നേഹം വിടർത്തുന്ന പൂന്തിങ്കളാകുന്നു ഭാര്യ, ദു:ഖത്തിൻ മുള്ളുകൾ പൂവിരൽത്തുമ്പിനാൽ പുഷ്പങ്ങളാക്കുന്നു ഭാര്യ" ആലോചിച്ചപ്പോൾ അവൾക്ക് ചിരിപൊട്ടി, അവൾ പൂന്തിങ്കൾ അല്ലാത്തതുകൊണ്ടാവാം.

"കുട്ടികൾ എവിടെ?" അവരുടെ മാളങ്ങളിൽ ഇരിക്കുന്ന കുട്ടികളെ താഴെ കാണാതായപ്പോഴുള്ള അയാളുടെ ചോദ്യങ്ങളിലും ആവർത്തന വിരസത.

"അവരുടെ മുറികളിൽ ഹോംവർക്ക് ചെയ്യുന്നു." പതിവുള്ള ഉത്തരം.

അയാൾക്ക് വിശന്നു പൊരിയുന്നുണ്ടാവും, ചിലപ്പോൾ ലഞ്ച് കഴിക്കാൻ കൂടി സമയം കിട്ടയെന്ന് വരില്ല ജോലിത്തിരക്ക് കാരണം. അവൾ മേശപ്പുറത്ത് പ്ളേറ്റുകൾ നിരത്തി കുട്ടികളെ ഊണിനു വിളിച്ചു. ചെതുമ്പലില്ലാത്ത ഇഴജന്തുക്കളായി അവർ മാളങ്ങളിൽ നിന്നിറങ്ങി.


"വീണ്ടും ചിക്കൻ കറിയോ ? ഇറ്റാലിയനോ ചൈനീസോ അമ്മയ്ക്ക് ഉണ്ടാക്കിക്കൂടെ" അവർ വളിച്ച മുഖത്തോടെ ചോദിച്ചു. അവരുടെ മുഖങ്ങളിൽ പച്ച രാശി.

ഡാഡിക്കും മമ്മിക്കും കൗമാരത്തിന്റെ ഭാഷയും രുചിയും മനസ്സിലാകില്ലെന്ന് വിശ്വസിക്കുന്ന കുട്ടികൾ!.

"ചിക്കൻകറിക്ക് ഉപ്പില്ല."

ഭർത്താവ് ചിക്കൻ കറിയിൽ ഉപ്പ് കുടഞ്ഞിട്ടു. അവിയൽ ധാരാളമായി ഭക്ഷിച്ചു. "അമ്മ ഉണ്ടാക്കുന്നതുപോലെ നന്നായിട്ടുണ്ട്", അല്ലെങ്കിൽ ഇത്തനണ അവിയൽ നന്നായിട്ടുണ്ട് എന്ന് മറ്റോ ഉള്ള നല്ല വാക്കുകൾക്കായി കാത്തിരുന്നു. വാക്കുകളും എവിടെയൊക്കെയോ ഇരുന്ന് ക്ളാവ് പ്ടിക്കുന്നു.

മകൻ എഴുന്നേറ്റ് ബ്രെഡിന്റെ കൂട് തുറന്ന് "പീനട്ട്ബട്ട" റിന്റെ ജാറുമായി വന്നിരുന്നു. മകൾ ക്യാൻ തുറന്ന് 'മാക്കറോണിയും ചീസും' ചൂടാക്കി.



"കഴിഞ്ഞ സ്റ്റോമിൽ ഒടിഞ്ഞ അയൽവക്കത്തുകാരുടെ മരം ഇന്ന് അവർ ആളെ വിളിച്ചു വെട്ടിച്ചു."

"ഇതൊക്കെ എന്നോട് പറയുന്നതെന്തിനാ", അയാൾ നിർവ്വികാരനായി പറഞ്ഞു.

തങ്ങൾക്കിടയിൽ മുത്തുകൾ പോലെ കൊഴിഞ്ഞു വീഴുന്ന വാക്കുകൾ തീൻമേശയിലെ ഗ്ലാസ്സിൽ തട്ടി ചിതറിപ്പോകുന്നു.

അവൾക്ക് ഏറെയൊന്നും പറയാനില്ലായിരുന്നു. ഇരുപത് വർഷത്തെ ദാമ്പത്യം വരുത്തിയ വിന. അവൾ കുനിഞ്ഞിരുന്ന് ഭക്ഷണം കഴിച്ചു. ചുറ്റും ക്ളാവ് മണക്കുന്നു. അവളുടെ മൂക്ക് വിടർന്നു. പിച്ചള സാധനങ്ങൾ എന്തെങ്കിലും അടുത്തുണ്ടോയെന്ന് ചുറ്റും നോക്കി. തറവാട്ടിൽ നിന്ന് കൊണ്ടുവന്ന പഴയ കിണ്ടിയിൽ ക്ളാവിന്റെ കുത്തുകൾ. 'ബ്രാസോ'യിട്ട് തുടയ്ക്കാറായിരിക്കുന്നു, അവളോർത്തു.

"ഇന്നെങ്കിലും തുടയ്ക്കണം." അവൾ കിണ്ടിയിലേയ്ക്ക് നോക്കി.

ഊണു കഴിഞ്ഞ് എഴുന്നൽക്കുമ്പാൾ പ്ളേറ്റുകളോടൊപ്പം കിണ്ടിയുമെടുത്ത് അടുക്കളയിലേയ്ക്ക് നടന്നു.

"എത്ര തേച്ചിട്ടും പോവാത്തൊരു ക്ളാവ്" അവൾ അടുക്കള സിങ്കിൽ വച്ച് ബ്രാസോയിട്ട് കിണ്ടി കഴുകുമ്പോൾ പിറുപിറുത്തു.

അത് പടരുകയാണ്, ഒന്നിൽ നിന്നും മറ്റൊന്നിലേയിക്ക്....വീണ്ടും തിരികെ.... വീട്ടിലാകെ...

കവിത



# നിയതിയുടെ താളം

കാറ്റിനൊരു താളം
കടലിനൊരു താളം
കനവുകണ്ടുണരുന്ന
കരളിനൊരു താളം

മഴപൊഴിയും താളം
മദകരമാം താളം
മഴപെയ്തു നനയുന്ന
മണ്ണിനൊരു താളം

ചെറുതോണി തുഴയുമ്പോൾ
പുഴയിലൊരു താളം
ചെറുവണ്ടു മുരളുമ്പോൾ
പൂവിനൊരു താളം

മൊഴിയിലൊരു താളം
മിഴിയിലൊരു താളം
മിഴിനനഞ്ഞൊഴുകുമാ-

ഉറവിനൊരു താളം
അകലെയൊരു താളം
അരികെയൊരു താളം
അകലുന്ന മനസ്സുകൾ-
ക്കൊരു വിരഹതാളം



ജോസൻ ജോർജ്

ചിരിമാഞ്ഞ ചുണ്ടിൽ
വീണടിയുന്ന താളം
ചിരകാല സ്വപ്നങ്ങൾ
തകരുന്ന താളം
കവിതയുടെ താളം
ശ്രുതിമധുരമാം താളം
കവിഹൃദയമുരുകി-
ത്തിളയ്ക്കുന്ന താളം

പ്രകൃതിയുടെ താളം
പ്രശാന്തമാം താളം
പ്രകൃതിയുടെ വികൃതിക്കു
സംഹാര താളം

പിറവിതൻ താളം
പുതുപുലരിതൻ താളം
ജനിമരണമില്ലാത്ത
നിയതി തൻ താളം

# Pizza Parties











# Pizza Parties












# Pizza Parties













# Parents/Adults also have a place to relax at Gurukulam







# Christmas Celebrations 2016







# CHRISTMAS Celebrations 2016










# Scenes from Gurukulam 20th Anniversary Celebration












# Scenes from Gurukulam 20th Anniversary Celebration






















ഡോ. സാറാ ഈശോ




# ഫിലാഡൽഫിയ ക്രോമസോം


ജൂഡി എന്ന ഇരുപത്തെട്ടുവയസ്സുകാരിയെ ആദ്യമായി ഞാൻ കാണുന്നത് പതിന്നാല് വർഷങ്ങൾക്ക് മുമ്പാണ്.നാലു വയസ്സ് പ്രായമുള്ള ഇരട്ട കുട്ടികളും ഭർത്താവ് മാത്യൂവുമൊന്നിച്ച് കൺസൾട്ടേഷനെത്തിയ ജൂഡിയുടെ മുഖത്തെ ആകുലത നിറഞ്ഞ ഭാവം ഇപ്പോഴും വ്യക്തമായി മനസ്സിലുണ്ട്.

വെറുതെയൊരു മെഡിക്കൽ ചെക്കപ്പിന് പ്രൈമറി ഡോക്ടറുടെ അടുത്ത് തലേയാഴ്ച പോയതാണ് ജൂഡി. പരിശോധനയുടെ ഭാഗമായി നടത്തിയ ലാബ് ടെസ്റ്റിന്റെ റിസൾട്ട് വന്നപ്പോൾ ഡോക്ടർ പോലും പകച്ചുപോയി. ജൂഡിയുടെ രക്തത്തിലെ ശ്വേതാണുക്കളുടെ എണ്ണം (WBC) 200,000 ന് മേൽ! 4000 മുതൽ 10,000 വരെയാണ് നോർമൽ. ഉടൻ തന്നെ അദ്ദേഹം ജൂഡിയെ വിളിച്ചു. അടിയന്തിരമായി ഹിസ്റ്റോളജിസ്റ്റിനെ കാണണം എന്നു മാത്രം പറഞ്ഞു.

കോളേജ് ഡിഗ്രിയുള്ള ജൂഡിയും അക്കൗണ്ടന്റായി ജോലി നോക്കുന്ന മാത്യുവും ഉടനടി ഞങ്ങളുടെ ഓഫീസിൽ വിളിച്ച് അപ്പോയിന്റ്മെന്റ് എടുത്തു. പിന്നെയുള്ള സമയം ഇന്റർനെറ്റ് വഴി വിവരങ്ങൾ ശേഖരിക്കലായി. കൺസൾട്ടേഷനു വരുമ്പോഴേയ്ക്കും ഡയഗ്നോസിസിനെക്കുറിച്ചും, ചികിത്സയെക്കുറിച്ചും ഒരു ഏകദേശ ധാരണ അവർക്കുണ്ടായിരുന്നു.

ക്രോണിക് മയലോയിഡ് ലുക്കീമിയ (CML) ആണ് ജൂഡിക്കെന്ന് കണ്ടുപിടിക്കാൻ അധികസമയം വേണ്ടി വന്നില്ല. ലുക്കീമിയ എന്നുകേട്ടപ്പോഴുള്ള അമ്പരപ്പും ആധിയും അൽപം കുറഞ്ഞു, അവർക്ക്, CML എന്ന ഡയഗ്നോസിസ് സ്ഥിരീകരിച്ചപ്പോൾ. കാരണം, CML നെതിരെയുള്ള ഒറ്റമൂലിയെക്കുറിച്ച് അവരും വായിച്ച് അറിഞ്ഞിരുന്നു. ഗ്ലീവെക് എന്ന പേരിൽ വിപണിയിലിറങ്ങിയ ഇമാറ്റിനിബ് മെസിലേറ്റ് എന്ന ടാബ്ലറ്റ് ദിവസേന കഴിച്ചാൽ ഭൂരിഭാഗം ആളുകളിലും ഈ മാരക രോഗം പാടെ അപ്രത്യക്ഷമാകും എന്ന് കണ്ടുപിടിച്ചത് ആയിടെയായിരുന്നു. ഗ്ലീവെക് കൊണ്ട് രോഗം ഭേദമായ അനവധി രോഗികളിൽ ഒരാളായി ജൂഡിയും.

വൈദ്യശാസ്ത്രത്തിലെ ഒരു നാഴികകല്ലായിരുന്നു, ഇമാറ്റിനിബ് മെസിലേറ്റ് എന്ന മരുന്നിന്റെ കണ്ടുപിടു



ത്തം. രോഗത്തിന്റെ മർമ്മത്തിൽ തന്നെ പ്രയോഗിക്കുന്ന ഈ ഒറ്റമൂലി കണ്ടെത്തിയത് വർഷങ്ങളുടെ പരിശ്രമഫലമായാണ്.

1961 ൽ CML കോശങ്ങളിൽ മാത്രം കാണുന്ന ഫിലാഡൽഫിയ ക്രോമസ്സോം വേർതിരിച്ചെടുക്കുവാൻ കഴിഞ്ഞതാണ്, പിന്നീട് ഈ രോഗത്തിനെതിരായുള്ള നിരവധി മരുന്നുകളുടെ കണ്ടുപിടുത്തത്തിന് വഴിയൊരുക്കിയത്. അതിന് ഒരു നൂറ്റാണ്ടോളം മുമ്പു തന്നെ, 1800 കളിൽ, ക്രോമസ്സോമുകളെക്കുറിച്ചും മൈറ്റോസിസിനെക്കുറിച്ചുമുള്ള പഠനങ്ങൾ നടന്നിരുന്നു. കോശങ്ങൾ വിഭജിക്കുമ്പോളുണ്ടാകുന്ന അപാകത കാൻസറിന് വഴിതെളിക്കാമെന്ന് ശാസ്ത്രജ്ഞൻമാർ അനുമാനിച്ചിരുന്നെങ്കിലും, ക്രോമസ്സോമുകളെ വേർതിരിച്ചെടുത്ത് നിരീക്ഷിക്കുവാനുള്ള സംവിധാനമില്ലാതിരുന്നതിനാൽ ആ ഗവേഷണം ഏറെ പതിറ്റാണ്ടുകൾ വഴിമുട്ടിനിന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിലെത്തിയപ്പോൾ മനുഷ്യശരീരത്തിലെ ക്രോമസോമുകളെക്കുറിച്ച് കുറെക്കൂടി വ്യക്തമായ കാഴ്ചപ്പാടുണ്ടായി. ഓരോ കോശത്തിനുള്ളിലും 23 ജോഡി ക്രോമസോമുകളുണ്ട് എന്നും കണ്ടുപിടിച്ചു. ക്രോമസോമുകൾ, വലിപ്പത്തിലും ജനറ്റിക് ഘടനയിലും അവയുടെ പ്രവർത്തനത്തിലും വ്യത്യസ്തമാണെങ്കിലും ഒരു ജോഡിയിലുള്ളവ രണ്ടും ഒരേ പോലെ തന്നെ ആയിരിക്കും. 1,2,3 എന്നിങ്ങനെ നമ്പരിട്ടാണ് ക്രോമസോമുകളെ വേർതിരിച്ചറിയുന്നത്. ക്രോമസോമുകളുടെ എണ്ണത്തിലുള്ള വ്യതിയാനം മാരകമായ രോഗങ്ങൾക്ക് കാരണമാകും എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഡൗൺ സിൻഡ്രോം എന്ന ജന്മനായുള്ള വൈകല്യം. ഡൗൺ സിൻഡ്രോം ഉള്ളവരുടെ കോശങ്ങളിൽ 21-ാം ക്രോമസോം (ക്രോമസോം 21) രണ്ടിനു പകരം മൂന്ന് എണ്ണമുണ്ട്. (ട്രൈസോമി 21) സാരമില്ലെന്നു തോന്നാവുന്ന ഈ അപാകതയാണ് ഡൗൺ സിൻഡ്രോമുള്ളവരിൽ കാണുന്ന പ്രത്യേക ശാരീരിക വൈകല്യം, ബുദ്ധിമാന്ദ്യം എന്നിവയ്ക്ക് വഴി തെളിക്കുന്നത്.

കാൻസർ ബാധിച്ച കോശങ്ങളിൽ ഏതെങ്കിലും വികലമായ ക്രോമസോമുകളുണ്ടോ എന്ന പഠനം വർഷങ്ങളോളം തുടർന്നു കൊണ്ടിരുന്നു. ആയിടെയാണ് ഡോ.പീറ്റർ നൗവൽ എന്ന ശാസ്ത്രജ്ഞൻ ഫിലാഡൽഫിയായിലെ യൂണിവേഴ്സിറ്റി ഓഫ് പെൻസിൽവേനിയായിൽ ഗവേഷകനായി ചാർജ്ജെടുക്കുന്നത്. ട്യൂമർ സൈറ്റോജനറ്റിക്സിൽ പ്രത്യേക താൽപര്യമുള്ളയാളായിരുന്നു അദ്ദേഹം. അതിനു മുൻപ് നേവിയിൽ ജോലി ചെയ്തിരുന്ന ഡോ.നൗവൽ, റേഡിയേഷൻ കിരണങ്ങളും കാൻസറും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഗവേഷണം ചെയ്തിരുന്നു. പിന്നീട് ലുക്കീമിയ രോഗികളുടെ കോശങ്ങളിലെ ക്രോമസോമുകളുടെ പഠനത്തിലായി അദ്ദേഹത്തിന് കൗതുകം. ലുക്കീമിയ സെല്ലുകളിൽ ഏതെങ്കിലും അപാകതയുള്ള ക്രോമസോം ഉണ്ടോ എന്നറിയാൻ അവയോരോന്നായി അദ്ദേഹം നിരീക്ഷിച്ചുപോന്നു. അന്ന് വിദ്യാർത്ഥിയായിരുന്ന ഡോ.ഡേവിഡ് ഹംഗർഫോർഡും ഈ ഗവേഷണത്തിൽ പങ്കു ചേർന്നു.

ക്രോണിക് മയലോയിഡ് ലുക്കീമിയ (CML) കോശങ്ങളിൽ സാധാരണ ക്രോമസോമുകളിൽ നിന്നും വ്യത്യസ്തമായ ഒരു ചെറിയ ക്രോമസോം കാണുന്നതായി ആദ്യം ശ്രദ്ധിച്ചത് ഡേവിഡ് ഹംഗർഫോർഡ് ആണ്. തുടർന്ന് അവർ ഏഴ് CML രോഗികളുടെ ശ്വേതാണുക്കൾ സൂക്ഷ്മമായി പരിശോധിച്ചു. സാധാരണ കോശങ്ങളിലൊന്നും കാണാത്ത ഈ അബ്നോർമൽ ക്രോമസോം, എല്ലാ CML സെല്ലുകളിലും ഉണ്ടെന്നുകണ്ടത് അവർക്ക് വലിയ അത്ഭുതകരമായി തോന്നി. ഈ നിരീക്ഷണം ശരിവെച്ച മറ്റു ഗവേഷകർ ഈ ക്രോമസോമിനെ അത് കണ്ടുപിടിക്കപ്പെട്ട സ്ഥലത്തിന്റെ പേരു ചൊല്ലി വിളിച്ചു. CML ഡയഗ്നോസിൽ ഒരു നിർണ്ണായഘടകമായ ഫിലാഡൽഫിയ ക്രോമസോം കണ്ടുപിടിക്കപ്പെട്ടത് അങ്ങനെയാണ്.

കഴിഞ്ഞ അമ്പതുവർഷങ്ങൾകൊണ്ട് ഫിലാഡൽഫിയ ക്രോമസോമിന്റെ വിശദാംശങ്ങൾ കുറെയൊന്നുമല്ല ശാസ്ത്രജ്ഞൻമാർ വിശകലനം ചെയ്തത്. ക്രോമസോം 9,ക്രോമസോം 22, എന്നിവ തമ്മിലുള്ള ഒരു 'മാറ്റക്കച്ചവടം' (translocation) ആണ് ഫിലാഡൽഫിയ ക്രോമസോമായി പരിണമിക്കുന്നതെന്ന്

കണ്ടെത്തി. അതിനുകാരണമായ bcr, abl എന്നീ ജീനുകളെയും വേർതിരിച്ചെടുത്തു. ഈ ജീനുകളുടെ സംയോജനഫലമായി ഉണ്ടാകുന്ന 'ഫ്യൂഷൻ കൈനേസ് പ്രോട്ടീൻ' ബോൺ മാരോയിലുള്ള ശ്വേതാണുക്കളുടെ അമിതമായ വളർച്ചയ്ക്ക് കാരണമാക്കും. ശ്വേതാണുക്കൾ എണ്ണം അമിതമായി രക്തത്തിലേയ്ക്ക് വരുമ്പോഴാണ് ക്രോണിക് മയലോയിഡ് ലുക്കീമിയ ഡയഗ്നോസിസ് ചെയ്യപ്പെടുന്നത്.

ഏതാനും വർഷങ്ങൾക്കുമുമ്പുവരെ CML നിർമ്മാർജ്ജനം ചെയ്യാനുള്ള ഏക മാർഗ്ഗം ബോൺ മാരോ ട്രാൻസ്പ്ലാന്റേഷൻ മാത്രമായിരുന്നു. നിർഭാഗ്യവശാൽ, CML രോഗികളിൽ ഒരു ചെറിയ ശതമാനത്തിനു മാത്രമേ വിജയകരമായി ട്രാൻസ്പ്ലാന്റേഷൻ നടത്തുവാൻ കഴിയൂ. രക്തത്തിലെ ശ്വേതാണുക്കളുടെ എണ്ണം കുറയ്ക്കുവാൻ ഹൈഡ്രോക്സി യൂറിയ, ഇന്റർഫെറോൺ തുടങ്ങിയ മരുന്നുകൾ ഉപയോഗിച്ചിരുന്നുവെങ്കിലും പരിപൂർണ്ണമായി രോഗം മാറ്റുവാൻ ഈ മരുന്നുകൾക്ക് കഴിയില്ലാത്തതിനാൽ ക്രമേണ രോഗം മൂർഛിക്കുകയായിരുന്നുണ്ടാവുക.

CMLന് കാരണമായ ഫ്യൂഷൻ കൈനേസ് പ്രോട്ടീനെതിരെയുള്ള മരുന്നുകൾക്കായി എൺപതുകളിൽ ഗവേഷണം തകൃതിയായി നടന്നിരുന്നു. അതിൽ ആദ്യം ഫലപ്രദമായി പുറത്തുവന്ന മരുന്നാണ് ഇമാറ്റിനിബ് മെസിലേറ്റ്. തൊണ്ണൂറ് ശതമാനത്തിലേറെ രോഗികളിൽ CML നിശ്ശേഷം ഇല്ലാതാക്കിയ ഈ മരുന്ന് കാൻസർ ചികിത്സയുടെ ചരിത്രം തന്നെ തിരുത്തിയെഴുതി. ഇതിൽ ഭൂരിഭാഗം രോഗികളുടെയും ബോൺ മാരോയിൽ നിന്ന് ഫിലാഡൽഫിയ ക്രോമസോം പരിപൂർണ്ണമായി അപ്രത്യക്ഷമായി. രോഗത്തിന്റെ യഥാർത്ഥ ഉറവിടം നോക്കി ചികിത്സിക്കുന്ന 'ടാർഗറ്റഡ് തെറപ്പി'യുടെ ഏറ്റവും ഫലപ്രദമായ ഉദാഹരണമായി ഈ മരുന്ന്. ഇന്ന് ഇമാറ്റിനിബിനെക്കാൾ ശക്തമായ മറ്റ് പലമരുന്നുകളും വിപണിയിലെത്തിയിട്ടുണ്ട്.

ഇപ്പോൾ CML ഒരു മാറാരോഗമല്ല. ജൂഡിയെപ്പോലെ CML നെതിരെ വിജയം വരിച്ച ആയിരക്കണക്കിനു രോഗികൾ ലോകത്തിന്റെ നാനാഭാഗത്തായി സാധാരണ ജീവിതം നയിക്കുന്നു.


ഇതെഴുതുമ്പോൾ CML രോഗികളുടെ വേദനിപ്പിക്കുന്ന പല മുഖങ്ങളും ഓർമ്മയിലെത്തുന്നുണ്ട്. ബോൺ മാരോ ട്രാൻസ്പ്ലാന്റ് മാത്രമേ രക്ഷയുള്ളു എന്ന് വിധിയെഴുതപ്പെട്ട ട്രാൻസ്പ്ലാന്റ് ചെയ്യാൻ മാച്ച് കിട്ടാതെ കാത്ത് കിടന്ന് മരണത്തിലേയ്ക്ക് നീങ്ങിയവർ, ട്രാൻസ്പ്ലാന്റിന്റെ കഠിനമായ കോംപ്ലിക്കേഷൻസ് താങ്ങാൻ കഴിയാതെ വിധിക്കു കീഴടങ്ങിയവർ. അതിൽ ഒരാളുടെ മുഖം വേർതിരിഞ്ഞു നിൽക്കുന്നു. ഇമാറ്റിനിബ് (ഗ്ലീവെക്) എന്ന മരുന്ന് CML രോഗികളിൽ അത്ഭുതം പ്രവർത്തിക്കുന്നുവെന്നറിഞ്ഞ് നാട്ടിൽ നിന്നും സ്ഥിരമായി എന്നെ വിളിക്കുമായിരുന്ന ഒരു അച്ഛന്റെ മുഖം. CML രോഗിയായിരുന്ന മകനുവേണ്ടി, ഗ്ലീവെക് ലഭിക്കുമോ എന്നറിയാൻ അദ്ദേഹം ശ്രമിക്കാത്ത വഴികളില്ല. നിർഭാഗ്യവശാൽ അന്ന് റിസർച്ചിൽ പങ്കെടുക്കുന്നവർക്കു മാത്രമേ ഈ മരുന്ന് ലഭ്യമായിരുന്നുള്ളു. FDA യുടെ അംഗീകാരം കിട്ടി മരുന്ന് വിപണിയിലെത്തിയാലുടൻ എത്രയും പെട്ടെന്ന് നാട്ടിലെത്തിക്കാൻ സഹായിക്കാമെന്ന് ഞാൻ വാക്കും കൊടുത്തിരുന്നു. പക്ഷെ അതുവരെ കാത്തുനിൽക്കാൻ വിധി അനുവദിച്ചില്ല. ആ അച്ഛനെ തീരാദു:ഖത്തിലേക്കെറിഞ്ഞ് മകൻ യാത്രയായി........

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ കാൻസർ മരണത്തിലേയ്ക്കുള്ള വിധിയെഴുത്തല്ല. മറിച്ച്, ഡയബറ്റീസ്, ഹൈപ്പർടെൻഷൻ തുടങ്ങിയ രോഗങ്ങളെപ്പോലെ ചികിത്സിച്ച് നിയന്ത്രിക്കാവുന്ന ഒരു അവസ്ഥയാണ്. ഈ പുരോഗതിക്ക് നിർണ്ണായകമായ ഒരു നാഴികക്കല്ലായിരുന്നു ഫിലാഡൽഫിയ ക്രോമസോമിന്റെ കണ്ടുപിടുത്തം.



# പെണ്ണെഴുത്ത്

കുറേക്കാലമായി മലയാളത്തിൽ ഗൗരവപൂർവ്വം ചർച്ച ചെയ്യുന്ന വിഷയമാണ് പെണ്ണെഴുത്ത്. ഇതും ഒരു സാഹിത്യ പ്രസ്ഥാനമോ, അതോ പാഠഭേദമെങ്കിലുമോ? ഇനിയും വഴിയേപോകുന്നതെല്ലാം ഒന്നു പരീക്ഷിച്ചു നോക്കുന്ന മലയാളത്തിന്റെ പ്രത്യേകതയോ? ഇക്കഴിഞ്ഞ ലാനാ സമ്മേളനത്തിൽ പെണ്ണെഴുത്തും ഒരു ചർച്ചാവിഷയമായിരുന്നു.



**ജോൺ മാത്യു**

ക്ലാസിസം, കാൽപ്പനികത, പുരോഗമനം, ജീവൽ, ആധുനികത, ഉത്തരാധുനികത തുടങ്ങി അംഗീകൃത പ്രസ്ഥാനങ്ങളും, പിന്നെ പ്രവാസം, ഗൃഹാതുരത,ദളിത മറുനാടൻ കുടിയേറ്റങ്ങളും മലയാളത്തിൽ പരീക്ഷിച്ചു. ഇതിനും പുറമേ കമ്മ്യൂണിസ്റ്റ് എഴുത്തുകൾ ക്രൈസ്തവ എഴുത്തുകൾ തുടങ്ങിയതിനെയും സാഹിത്യമെന്നുതന്നെയാണ് വിളിക്കുക. പക്ഷേ പെണ്ണെഴുത്ത് എവിടെ ചേർത്തുവയ്ക്കും?

മലയാളത്തിലെ സാഹിത്യരീതികൾ സമൂഹത്തിലെ സ്ഥായിയായ പരിവർത്തനങ്ങളിൽനിന്നുണ്ടായതൊന്നുമല്ല, പകരം പെട്ടെന്നുള്ള രാഷ്ട്രീയ ആവശ്യങ്ങൾക്കുള്ള താൽക്കാലിക മറുപടിയോ ആവേശമോ മാത്രമാണ് നേരത്തെ പറഞ്ഞ പാഠഭേദങ്ങളിൽ ഏറെയും. ഇപ്പോൾ ചർച്ചചെയ്യുന്ന പെണ്ണെഴുത്തും അതിന്റെ ഭാഗം തന്നെ.

പെണ്ണുങ്ങൾ എഴുതുന്നതെല്ലാം പെണ്ണെഴുത്തിന്റെ കൂട്ടത്തിൽപെടുത്തിയാലുള്ള അപകടം പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്. അപ്പോൾ ആണുങ്ങൾ എഴുതുന്നത് ആണെഴുത്തായി തരംതിരിക്കണം. അതോ ഈ എഴുത്ത് ആൺകെട്ടും പെൺകെട്ടും പോലെയോ? അതൊരു മദ്ധ്യതിരുവിതാംകൂർ പ്രയോഗം. ആൺപിള്ളേരോടു പറയും നീ ആൺകെട്ട് പഠിച്ചോണം, പെണ്ണുകെട്ടേണ്ടതാ എന്ന്.

ഏതോ കൊച്ചുവർത്തമാനമോ ഈ പെണ്ണെഴുത്ത്? കേൾക്കുമ്പോൾ അങ്ങനെയും ധരിക്കാം. ‘ഞാനുമെന്റെ കെട്ട്യോനും പിന്നെയൊരു തട്ടാനും’, കേരളം പെണ്ണിന്റെ മനസ് നിർവചിച്ചിരിക്കുന്നത് ഈ പഴഞ്ചൊല്ലിൽക്കൂടിയായിരുന്നു. അതുപോലെയാണ് ഈ പെണ്ണെഴുത്തെന്ന് കരുതിയാൽ തെറ്റി. ഇനിനും മറ്റൊരു എഴുത്തുണ്ട്, അത് ‘പൾപ്പെഴുത്ത്’. ഇതിനു സൊസൈറ്റി എഴുത്തെന്നും



പറയും. സാമൂഹിക പ്രശ്നങ്ങൾ ഒന്നും ചർച്ച ചെയ്യേണ്ട, ആകപ്പാടെ ഒരു റൊമാന്റിക് അവതരണം വേണം. എന്നാൽ റൊമാന്റിസമെന്നു പറയുന്ന കാൽപ്പനികതയല്ലതാനും. ഈ വിഭാഗത്തിലെ എഴുത്ത്, അത് 'ആണ്' എഴുതിയാലും 'പെണ്ണ്' എഴുതിയാലും സാഹിത്യ-രാഷ്ട്രീയ-അക്കാദമിക് ലോകം ഒരു നേരംപോക്കായി മാത്രമേ കണക്കാക്കുകയുള്ളൂ.

സ്ത്രീകളുടെ സാമൂഹികവും വ്യക്തിപരവുമായ പ്രശ്നങ്ങളല്ല ഇവിടെ ചർച്ചാവിഷയം. അത് അങ്ങനെയാണെന്ന് വരുത്തിത്തീർക്കുന്നത് ശ്രദ്ധപിടിച്ചുപറ്റൽമാത്രം. മനുഷ്യൻ അടിമത്തത്തിൽ നിന്ന് മോചനം പ്രാപിച്ചുകൊണ്ടിരിക്കുന്നത് ചുരുങ്ങിയ കാലഘട്ടംകൊണ്ട് പൊടുന്നനെയല്ലല്ലോ. കേരളത്തിന്റെ കഥ മാത്രമെടുക്കുകയാണെങ്കിൽ നമ്മുടെ സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനങ്ങൾക്കു കുറഞ്ഞത് ഇരുന്നൂറു വർഷമെങ്കിലും പിന്നോട്ടുപോകണം. അതായത് പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ വളർന്നുവന്ന തിരിച്ചറിവുകൾ. വിവിധ ഭരണാധികാരികളും സാമൂഹിക പ്രവർത്തകരും മുന്നോട്ടുകൊണ്ടുവന്ന ആദർശങ്ങൾ! ലോകത്തിലെ മിക്കജനപദങ്ങൾക്കും കൂടിയും കുറഞ്ഞും ഇതേ ചരിത്രം തന്നെയായിരിക്കും പറയാനുണ്ടുകുക. അടിമത്വവും ജന്മിത്വവും ഫാസിസവുമെല്ലാം ഒരിക്കൽ ചോദ്യം ചെയ്യാനാവാത്ത നാട്ടുനടപ്പായിരുന്നു. വോട്ടവകാശം സ്ത്രീകൾക്ക് നേടിക്കിട്ടാൻ സമയമെടുത്തുകാണും. അപ്പോൾ പുരുഷന്മാർക്കോ? നികുതി കൊടുക്കുന്നവർക്കു മാത്രമേ പല നാടുകളിലും ഒരു കാലത്ത് സമ്മതിദായ അവകാശമുണ്ടായിരുന്നുള്ളൂ. എന്നാൽ രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ലോകം സാമൂഹികമായും ശാസ്ത്രീയമായും മാറി. സ്വാതന്ത്ര്യം നേടി പുതിയ രാജ്യങ്ങൾ രംഗത്തുവന്നു. അവകാശങ്ങൾ തിരിച്ചറിഞ്ഞു. ഇതിന് വിപ്ലവപ്രസ്ഥാനങ്ങൾ നൽകിയ സംഭാവനകൾ ഇവിടെ മറക്കുന്നുമില്ല.

സാമൂഹിക പ്രശ്നങ്ങളാണ് നല്ല എഴുത്തിന് പ്രചോദനകാരണം. സമൂഹത്തിലെ വിവിധ വിഭാഗങ്ങൾ, സ്ത്രീകൾ ഉൾപ്പെടെയുള്ളവർ, നേരിടുന്ന പ്രശ്നങ്ങൾ വിശാലമായ ചർച്ചയുടെയും ഭാഗമാണ്. എന്നാൽ ചിലരുടെ സ്വന്തം താൽപ്പര്യങ്ങളും രാഷ്ട്രീയ പ്രേരിതങ്ങളായ, സൗകര്യപൂർവ്വം മാറുന്ന അല്ലെങ്കിൽ മാറ്റാവുന്ന, ചിന്തകളും കൂട്ടിയിണക്കിയതായിരുന്നു 'വിമൻസ് ലിബറേഷൻ പ്രസ്ഥാനം.' കേൾക്കുമ്പോൾ മനോഹരമായ പ്രയോഗം പോലും! സ്ത്രീകൾക്ക് സ്വാതന്ത്ര്യം കൊടുക്കുകയല്ലായിരുന്നു, പകരം ന്യൂനപക്ഷം അമിതസ്വാതന്ത്ര്യമെടുത്ത് തങ്ങൾ സമർത്ഥകളാണെന്ന് വീമ്പിളക്കുന്നതായിരുന്നു ഇവരുടെ ലക്ഷ്യം. സ്ത്രീകളെല്ലാം പുരുഷന്റെയും സമൂഹത്തിന്റെയും തടവറയിലാണെന്നും, ഒച്ചപ്പാടോടെ അതിൽനിന്ന് രക്ഷപെടണമെന്നും 'ലിബറേഷൻ' ആഹ്വാനം ചെയ്യുന്നു. ഏതാണ്ടൊരു നാലഞ്ചു ദശകങ്ങളിലായി ഈ ലിബറേഷൻ പ്രസ്ഥാനം ചിലരുടെ എഴുത്തുകളിലൂടെ അല്ലെങ്കിൽ വാക്ധോരണിയിലൂടെ വല്ലപ്പോഴുമൊന്ന് തലപൊക്കും.

എല്ലാ മനുഷ്യരേയും പോലെ സ്വവർഗ്ഗരതിക്കാരും സമൂഹത്തിന്റെ ഭാഗമായി അംഗീകരിക്കപ്പെടണം, അവരേയും സാധാരണരീതിയിൽ വിവേചനമില്ലാതെ ജീവിക്കാൻ അനുവദിക്കണം. എന്നാൽ, സാഹിത്യത്തിന്റെ തലപ്പത്തെ അനന്യസാധാരണമായ ബൗദ്ധികത പ്രത്യേക സ്വഭാവം വച്ചുപുലർത്തുന്നതുകൊണ്ടുമാത്രം ഇവർക്കുണ്ടെന്ന 'ലിബറേഷൻ'കാരുടെ മതം അംഗീകരിച്ചുകൊടുക്കണോ?

ഇന്ന് ഈ 'ലിബറേഷൻ' ഒരു പ്രസ്ഥാനത്തിന്റെയും ബൗദ്ധികതയുടെയും ഊന്നുവടികളില്ലാതെ അമേരിക്കയിലെ സമൂഹത്തിൽ പ്രായോഗികതലത്തിൽ എത്തിയിരിക്കുന്നു. ആണായാലും പെണ്ണായാലും കെട്ടുപാടുകളൊന്നുമില്ലാതെ, ആരോടും ഉത്തരവാദിത്തവുമില്ലാതെ ജീവിക്കാമെന്ന ചിന്ത വളർന്നുവരുന്നു. ഇതൊരു പ്രസ്ഥാനമല്ല, വെറും പ്രായോഗികത! 'എനിക്കു ഞാൻ മാത്രം മതി, എന്റെ സമ്പത്ത് എന്റേതു മാത്ര'മെന്ന ചിന്താഗതി.

വളരെ ചുരുക്കമായി, നേരത്തെ പറഞ്ഞ 'ഞാനും എന്റെ കെട്ട്യോനും (കെട്ട്യോളും) തട്ടാനും' എന്ന പഴമൊഴിയിൽനിന്ന് 'കെട്ട്യോനേം തട്ടാനേം' തട്ടുകതന്നെ!

# മതമല്ലാ മാറ്റേണ്ടത് മനഷ്യന്റെ ........മനമാണ് മാറ്റേണ്ടത് !....

**അനശ്വരം മാമ്പിള്ളി**

മനുഷ്യൻ നന്നാകുവാൻ, മനസ്സുനന്നാകണം
കനവിൽ നിനവിൽ നാം നൻമകൾ വളർത്തണം
മന്ത്ര-തന്ത്ര കുതന്ത്രങ്ങളുപേക്ഷിക്കണം
കർമ ധർമ്മാദിശാസ്ത്രം സ്വീകരിക്കണം.(2)
സുമനസാൽ...സുധീരന്മാരായ്....

മാറണം സ്വയമേവ, മാറ്റുവാൻ ശ്രമിക്കണം
മത്തും മതദ്വേഷത്തിൻ വിത്തുതൻ കുരുക്കുകൾ
മത മേൽവിലാസങ്ങൾ ഏതുമായാലും കൊള്ളാം
മതിയിൽ മനുഷത്വം സുതരാം പുലർത്തണം ! (2)

മതമല്ലാ മാറ്റേണ്ടത് മനഷ്യന്റെ
.മനമാണ് മാറേണ്ടത്
മനുഷ്യന്റെ മതിയിലെയാഴത്തിൽ
മയക്കുന്ന ആ കറിപ്പാണ് മാറ്റേണ്ടത് ! (2)

മനുഷ്യൻ നന്നാവണം മാനവരൊന്നാവണം
മഹാത്മാരൊക്കെ മാർഗ്ഗ ദർശകരാക്കണം
സാധിക്കണം ഉച്ചത്തിൽ ഉരുവിടണം
അരുതേ....മതക്കാരനാക്കരുതിനിയെന്നെ ! (2)





ബാബു പാറയ്ക്കൽ

# ഈ സാരി അമ്മയ്ക്കിരിക്കട്ടെ!

**വർഷങ്ങളായി** കിടപ്പിലായിരുന്ന അമ്മൂമ്മ മരിച്ചു. മടികൂടാതെ കൂടെനിന്നു ശുശ്രൂഷിച്ച മരുമകൾക്ക് സങ്കടമുണ്ടായെങ്കിലും മനസ്സിന് ആശ്വാസം തോന്നി. വിദേശത്തുള്ള മക്കളെയെല്ലാം ഉടനെതന്നെ വിവരം അറിയിച്ചു. തറവാട്ടുവീട്ടിലെ ഫോൺ ഇടതടവില്ലാതെ അടിച്ചുകൊണ്ടിരുന്നു. അമ്മച്ചിക്ക് ആകെ മക്കൾ പതിമൂന്ന്! അതിൽ എട്ടെണ്ണം അമേരിക്കയിലും നാലെണ്ണം ഗൾഫിലുമാണ്. ബാക്കിയുള്ള ഒരാൾ നാട്ടിലും. നാട്ടിലുള്ള ആന്റണിയാണ് ആകെയുള്ള ആൺതരി. അയാൾ കുടുംബസമേതം തറവാട്ടിലാണ് താമസിക്കുന്നത്. അയാളുടെ ഭാര്യയ്ക്ക് വലിയ വിദ്യാഭ്യാസമൊന്നുമില്ലാതിരുന്നതുകൊണ്ടും നാടിനെയും അമ്മയെയും അതിയായി സ്നേഹിച്ചതുകൊണ്ടും വിദേശത്തു പോകുവാൻ താൽപര്യപ്പെട്ടില്ല. അവളുടെ സമ്മർദ്ദത്തിലാണ് മകനും വിദേശയാത്ര വേണ്ടെന്നു വെച്ചത്.

വല്യമ്മച്ചി തളർവാതമായി കിടപ്പിലായിക്കഴിഞ്ഞപ്പോൾ മക്കൾ പല ഹോംനേഴ്സുമാരെയും മാറിമാറി നിർത്തിനോക്കി അമ്മയെ സഹായിക്കാൻ. പക്ഷെ, വന്ന ആർക്കും അമ്മയുടെ കാര്യത്തിൽ വലിയ താൽപര്യമില്ലായിരുന്നു. രണ്ടുമൂന്നു പേർ വൻതുക വാങ്ങി കുറച്ചുദിവസം നിന്നിട്ട് മുങ്ങി. മൂന്നുനാലുപേർ കൈയിൽ കിട്ടിയതടിച്ചുകൊണ്ട് സ്ഥലം വിട്ടു. ഉത്സവം നന്നാകണമെന്ന് ആനയ്ക്കുണ്ടോ ആഗ്രഹം! ഒടുവിൽ സൗമ്യശീലയായ മരുമകൾ ആ ജോലി സ്വയം ഏറ്റെടുത്തു. അന്നുമുതൽ വല്യമ്മയുടെ കാര്യങ്ങൾ വലിയ കുഴപ്പമില്ലാതെ നടന്നുപോകുന്നു. ഇടയ്ക്കൊക്കെ മക്കൾ അവധിക്കു വരുമായിരുന്നു. രണ്ടോ മൂന്നോ ആഴ്ചത്തെ അവധിക്കു വരുമ്പോൾ ആഗ്രഹം ഇണ്ടെങ്കിലും അവരുടെ തിരക്കേറിയ പരിപാടികൾ മൂലം അമ്മയുടെ കൂടെ അൽപനേരം ചെലവഴിക്കാനുള്ള സമയം കിട്ടാറില്ലായിരുന്നു. പക്ഷെ, പന്ത്രണ്ടു പെൺമക്കളും ഇപ്പോൾ വരുന്നത് അമ്മയുടെ കാര്യം നോക്കാൻ മാത്രം!

അടുത്ത രണ്ടു ദിവസങ്ങൾക്കകം മക്കളെല്ലാവരും എത്തുമെന്നറിയിച്ചപ്പോൾ അമ്മച്ചിയെ ആശുപത്രിയുടെ മോർച്ചറിയിലേയ്ക്ക് മാറ്റി. പിറ്റേദിവസം രാവിലെ മുതൽ അയൽപക്കത്തെ കൃഷ്ണൻകുട്ടിയുടെ കാർ പലവട്ടം നെടുംബാശ്ശേരിക്കും ഗോപാലൻനായരുടെ കാർ തിരുവനന്തപുരത്തേയ്ക്കും പാഞ്ഞു. മക്കൾ ഓരോന്നായി എത്തി. അലമുറയിട്ടു കയറി വരുന്ന പെൺമക്കളെ കൂടെ വന്ന ഭർത്താക്കൻമാർ ആശ്വസിപ്പിച്ചു. ഏതായാലും അവർ മിക്കവാറും കൂടെയുണ്ടായിരുന്നതുകൊണ്ട് കൂടുതലായി അനിഷ്ടസംഭവങ്ങളൊന്നും ഉണ്ടായില്ല. രണ്ടു ദിവസങ്ങളിലായി മക്കൾ എല്ലാവരുമെത്തി.

തുടർന്ന് നടക്കേണ്ട ചടങ്ങുകളെപ്പറ്റി എല്ലാവരും കൂട്ടായി ആലോചിച്ചു. പിറ്റേദിവസം വൈകിട്ട് അമ്മച്ചിയെ വീട്ടിൽ കൊണ്ടുവന്നു വച്ചിട്ട് അടുത്ത ദിവസം അടക്കാമെന്നതു മരുമകളുടെ അഭിപ്രായമായിരുന്നു. കാരണം ഒമ്പതു പതിറ്റാണ്ട് നാൾ ജീവിച്ച വീട്ടിൽ അവസാനമായി ഒരു രാത്രി താമസിക്കണമെന്ന് അമ്മച്ചിക്ക് ആഗ്രഹമില്ലാതിരിക്കുമോ? അതുപോലെതന്നെ അമ്മയുടെ കൂടെ അവസാനമായി അല്പനേരം ചെലവഴിക്കാൻ മക്കൾക്കു കിട്ടുന്ന ഏക അവസരവും പക്ഷേ, ആ അഭിപ്രായത്തോട് അധികം മക്കളും യോജിച്ചില്ല. അതിനു കാരണമുണ്ട്. അമ്മയെ വീട്ടിൽകൊണ്ടു വെച്ചാൽ രാത്രി മുഴുവൻ അയൽപക്കകാർ സന്ദർശനത്തിനെത്തും. പിന്നെ മക്കൾക്ക് ഉറങ്ങാൻ പറ്റുമോ? ഉറക്കമിളച്ച് ചടച്ച കണ്ണുകളും ഇടുമ്പിച്ച മുഖവുമായി ശവസംസ്ക്കാരത്തിൽ സംബന്ധിച്ചാൽ പിന്നീട് അതിന്റെ വീഡിയോ കാണു

മ്പോൾ കൂട്ടുകാരുടെ മുഖത്ത് എങ്ങനെ നോക്കും? ഭൂരിപക്ഷത്തിന്റെ അഭിപ്രായമനുസരിച്ച് അമ്മച്ചിയെ രാവിലെ കൊണ്ടുവന്നാൽ മതിയെന്നു തീരുമാനിച്ചു.

അപ്പോഴാണ് ഒരു മകൾ ഒരു കറുത്ത സാരിയുടുത്തുകൊണ്ട് മുറിയിൽ നിന്നും അങ്ങോട്ടു വന്നത്.

'ഓ ചേച്ചി കറുത്ത സാരിയും കൊണ്ടാണ് വന്നത് അല്ലേ? എനിക്കതിനു പറ്റിയില്ല. കറുത്ത സാരിയെടുക്കാൻ ഞാൻ മറന്നു പോയി' ഒരു മകൾ പരിഭവപ്പെട്ടു.

'എനിക്കും കറുത്ത സാരിയില്ലെടീ, നീ വിഷമിക്കേണ്ട' മറ്റൊരു മകൾ സാന്ത്വനപ്പെടുത്തി.

'കറുത്ത സാരിയുടുക്കാതെ ശവമടക്കിൽ സംബന്ധിക്കാൻ എന്നെ കിട്ടില്ല' സാരി കൈയിലിരുന്നവൾ പറഞ്ഞു.

'അതിനൊരു വഴിയുണ്ട്. നമുക്കെല്ലാവർക്കും ഒരേ പോലുള്ള കറുത്തസാരി വാങ്ങിയാൽ മതിയല്ലോ. മക്കൾക്കെല്ലാവർക്കും ഒരു യൂണിഫോമിറ്റി ഉണ്ടാകുമല്ലോ' കൂട്ടത്തിൽ ഒരു മകൾ പറഞ്ഞു.

ആ അഭിപ്രായത്തോട് എല്ലാവരും യോജിച്ചു. ഉച്ചകഴിഞ്ഞ് ടൗണിൽ പോയി പതിമൂന്നു സാരികൾ നാരികൾക്കായി വാങ്ങി. പന്ത്രണ്ടു മക്കൾക്കും ഏക മരുമകൾക്കുംവേണ്ടിയാണ് പതിമൂന്നെണ്ണം വാങ്ങിയത്. അപ്പോഴാണ് ബ്ലൗസിന്റെ കാര്യം ചിന്തയിൽ വന്നത്. ഉടൻ തന്നെ ബ്ലൗസുകൾക്കു വേണ്ടിയുള്ള തുണികൂടി എടുത്തിട്ടാണ് വീട്ടിലെത്തിയത്. എല്ലാവരുടെയും കൈയിലുണ്ടായിരുന്ന ഓരോ ബ്ലൗസും ശേഖരിച്ച് പെട്ടന്നു തന്നെ തയ്യൽക്കടയിലെത്തി. രണ്ടു മൂന്നു ദിവസമെങ്കിലും കുറഞ്ഞതെടുക്കുമെന്ന് കടക്കാരൻ പറഞ്ഞു.

'അമ്മച്ചിയെ അടക്കാനുള്ളതാണ് വേഗം തരണം' എന്നു മക്കൾ ആവർത്തിച്ചെങ്കിലും കടക്കാരൻ കൂട്ടാക്കിയില്ല.

വീണ്ടും വീട്ടിൽ യോഗം ചേർന്നു. ബ്ലൗസ് തയ്പ്പിച്ചു കിട്ടാതെ ശവസംസ്കാരം നടത്തുവാൻ പറ്റുകയില്ലെന്നായിരുന്നു ഭൂരിപക്ഷാഭിപ്രായം. അപ്പോൾ പിന്നെ എന്തു ചെയ്യും? കുറെനേരത്തെ ചർച്ചയ്ക്കുശേഷം ഒരു തീരുമാനത്തിലെത്തി. അമ്മച്ചിയെ ഒരു ദിവസം കൂടി താമസിച്ച് അടക്കുക! ആ അഭിപ്രായത്തോട് അമ്മച്ചിയുടെ പെൺമക്കളെല്ലാവരും യോജിച്ചു. മകനും മരുമകളും എതിരഭിപ്രായം രേഖപ്പെടുത്തി.

'മക്കൾക്കു കറുത്ത ബ്ലൗസ് തയ്ക്കാനായി അമ്മച്ചി ഒരു ദിവസം കൂടി മോർച്ചറിയിൽ വിറങ്ങലിച്ചു കിടക്കണമെന്നു പറയുന്നത് കഷ്ടമാണ്' മരുമകൾ പറഞ്ഞു.

'നിനക്കതറിയാൻ വയ്യാഞ്ഞിട്ടാ. നമ്മളെല്ലാവരും അടക്കത്തിന് കറുത്ത സാരിയും കറുത്ത ബ്ലൗസുമുടുത്തു നിൽക്കുന്നതു കണ്ടാൽ എന്തു ഭംഗിയായിരിക്കുമെന്നറിയാമോ? ഒരു മകൾ പറഞ്ഞു.

'വീഡിയോയുടെ ഒരു കോപ്പി എനിക്ക് കൊണ്ടുപോകണം' മറ്റൊരു മകൾ അഡ്വാൻസായി ആവശ്യപ്പെട്ടു.

'ഇതു കഷ്ടം തന്നെയാണ്?' മകൻ പറഞ്ഞു.

'എടാ, നമ്മുടെയെല്ലാം അമ്മച്ചിയാണ് മരിച്ചത്. ഞങ്ങൾക്കുള്ള സങ്കടം ഞങ്ങളും ഒന്നു കാണിക്കേണ്ടേ?' ഒരു മകൾ കണ്ണു തുടച്ചുകൊണ്ടു പറഞ്ഞു

'സങ്കടം കാണിക്കാൻ എല്ലാവരും യൂണിഫോമായി കറുത്ത സാരിയുടുക്കണമെന്നു നിർബന്ധമില്ല. സങ്കടം മനസ്സിലാണ്. ഇങ്ങനെയൊരവസരത്തിൽ നിങ്ങൾ സാരിക്കു മുടക്കക്കുന്ന പണം ഏതെങ്കിലും പത്തു പാവപ്പെട്ട സ്ത്രീകൾക്ക് ഉടുതുണി വാങ്ങാൻ കൊടുക്ക് അമ്മച്ചിക്കും അതായിരിക്കും സന്തോഷം' മകൻ തുറന്നു പറഞ്ഞു.

'നിങ്ങൾ അതിനു വേണ്ടി തർക്കിക്കേണ്ട. ഭൂരിഭാഗം തീരുമാനിച്ചതു നടക്കട്ടെ'. മൂത്തമകൾ പറഞ്ഞത് എല്ലാവരും തലകുലുക്കി സമ്മതിച്ചു.

അടുത്ത ദിവസം സന്ധ്യ ആയപ്പോൾ കറുത്ത ബ്ലൗസ് തയ്യാറായി.

'നന്നായിരിക്കുന്നു' കറുത്ത സാരിയും ബ്ലൗസും ധരിച്ചുകൊണ്ട് കണ്ണാടിയുടെ മുമ്പിൽ നിന്ന് ഒരു മകൾ പറഞ്ഞു.

'എനിക്കു വേണ്ട ഈ പുതിയ സാരി.എന്റെ കൈയിലുള്ളതിൽ ഒരു സാരി ഉടുത്തോളാം' മരുമകൾ വിഘടിച്ചു നിന്നു.

'ഈ സാരി നിനക്കു വാങ്ങിയതാണ്. അത് നീ ഉടുക്കുന്നില്ലെങ്കിൽ അത് അമ്മച്ചിയോട് സ്നേഹമില്ലാഞ്ഞിട്ടാ' ഒരു മകൾ പരിഭവപ്പെട്ടു.

'അമ്മച്ചി കിടപ്പിലായ നാൾ മുതൽ ഇത്രയും കാലം അമ്മച്ചിയെ സന്തോഷത്തോടെ ഞാൻ ശുശ്രൂഷിച്ചു. നിങ്ങൾക്കാർക്കും ഒരു മിനിറ്റുപോലും അമ്മച്ചിയെ ശുശ്രൂഷിക്കുവാൻ സമയമില്ലായിരുന്നു. അതു മറക്കേണ്ട.'

മക്കളെല്ലാവരും തർക്കത്തിനു വിരാമമിട്ടുകൊണ്ട് മുറിയിലേയ്ക്ക് പോയി.

പിറ്റേന്നു പത്തുമണിയായപ്പോൾ അമ്മച്ചിയെ വീട്ടിൽ കൊണ്ടുവന്നു. മുറ്റത്തൊരുക്കിയ പന്തലിൽ ശവപ്പെട്ടിയിൽ കിടക്കുന്ന അമ്മച്ചിയെ നോക്കി മക്കളെല്ലാവരും അടുത്തു തന്നെ കസേരകളിൽ കറുത്ത സാരിയും കറുത്ത ബ്ലൗസും ധരിച്ച് ഉപവിഷ്ടരായി. മരുമകൾ മാത്രം ഒരു വെള്ള സാരിയാണ് ഉടുത്തിരുന്നത്.

അതുകണ്ട് അമ്മച്ചിയുടെ മൂത്തമകൾ അകത്തുപോയി ഒരു കറുത്ത സാരിയുമായി എത്തി. അതു മരുമകൾക്കു കൊടുത്തിട്ടു പറഞ്ഞു: 'ഇതു നിനക്കു വാങ്ങിയ സാരിയാ. എന്തുവേണമെങ്കിലും ചെയ്തോ' മരുമകൾ മറുപടിയൊന്നും പറഞ്ഞില്ല.

സന്ദർശകർ എത്തിക്കൊണ്ടിരുന്നു. പെൺമക്കളുടെ ഭർത്താക്കൻമാർ ഓരോരുത്തരായി അമ്മച്ചിയെ ശോശപ്പായിൽ പൊതിഞ്ഞു. വീഡിയോഗ്രാഫർ അതെല്ലാം ശരിയായി പകർത്തികൊണ്ടിരുന്നു. ഒടുവിൽ ഓരോരുത്തരായി ചുംബനം നൽകി അമ്മച്ചിയെ യാത്രയാക്കുകയായിരുന്നു. മക്കൾ എല്ലാവരും ആ ചടങ്ങ് നിർവഹിച്ചു കഴിഞ്ഞപ്പോൾ മരുമകളുടെ ഊഴമെത്തി.

അവൾ എഴുന്നേറ്റ് അശ്രുകണങ്ങളിൽ പൊതിഞ്ഞ ചുംബനം അമ്മച്ചിക്കു നൽകിയിട്ട് നാത്തൂൻ നൽകിയ കറുത്ത സാരി അമ്മച്ചിയുടെ കാൽക്കൽ ശോശപ്പയ്ക്കു പകരം വിരിച്ചിട്ടു.

'ഈ സാരി അമ്മച്ചിക്കിരിക്കട്ടെ' മരുമകൾ മനോഗതം പറഞ്ഞു.

മക്കളെല്ലാം സ്തബ്ധരായി നോക്കിനിൽക്കേ അമ്മച്ചി ഇടവകക്കാരുടെ തോളിലേറി യാത്രയായി.

ന്യൂയോർക്കിൽ ഗുരുകുലം മലയാളം സ്കൂൾ 25 വർഷക്കാലമായി സ്തുത്യർഹമായ രീതിയിൽ പ്രവർത്തിച്ചു പോരുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. മലയാള ഭാഷയെ അത്യധികം സ്നേഹിക്കുന്ന ഗുരുകുലത്തെ, നല്ല രീതിയിൽ നയിച്ചു കൊണ്ടിരിക്കുന്ന ഗുരുകുലം പ്രവർത്തകരേയും രക്ഷകർത്താക്കളേയും മലയാളഭാഷയെ മറക്കാത്ത അവിടുത്തെ എല്ലാ മലയാളി സമൂഹത്തെയും അത്യധികം അഭിനന്ദിക്കയും, ഈ ജൂബിലി ആഘോഷവേളയിൽ പ്രത്യേക ആശംസകൾ നേരുകയും ചെയ്യുന്നു.

സസ്നേഹം,

**ഫ്രാൻസീസ്.എ. തോട്ടത്തിൽ**

***പ്രഥമാധ്യാപകൻ***

***മലയാളംസ്കൂൾ, കേരള അസോസിയേഷൻ,***

***ഡാളസ്.***

# മുറിവുകൾ: നൊമ്പരങ്ങൾ

മുറിവുകൾ: മുറിഞ്ഞവൻ മുറിവിൻ മുറവിളികൾ!
മുറിയാനിരിക്കും വൻ മുറിവിൻ നൊമ്പരങ്ങൾ!
മുറിയിലും മുറിവുകൾ, നോവുകൾ ഞൊറിവുകൾ
മറഞ്ഞും, മുറിവാതിലുകളിലാഞ്ഞടിക്കുന്നഹോ!

വാക്കിലും മുറിവുകൾ,നോക്കിലും മുറിവുകൾ
സ്നേഹിച്ചു തീരാത്ത സ്നേഹനീർച്ചാലിലും
ഉള്ളിൽ മുൾച്ചെടി മുന നീണ്ടിരിക്കുമ്പോൾ
ഉറവിൻ ചെറുമധുകണം, പരന്നുതകിടാ...

സ്നേഹനീർച്ചാലുകൾ വറ്റി വരണ്ടിതാ
ചോരനീർച്ചാലുകൾ മണ്ണുനനയ്ക്കുന്നു!
കണ്ണുനീർ വാർക്കുന്നു അമ്മമാരെത്രയോ
ദാഹനീർ തേടി അലയുന്നേറെപ്പല ദിക്കിലും....

ഗർഭത്തിനുള്ളിലെ ചോരകുടിച്ചെത്രയോ
ഗർഭത്തിലാണ്ടു പോയ്കരാളകരങ്ങളാൽ!
മുറിവിന്റെ ചോരനീർച്ചാലുകൾ മണ്ണിന്റെ
മേനിയിൽ വീണു വിറയ്ക്കുമീ നേരത്തും

മണ്ണിൽ വെടിയേറ്റു വീഴുമീ അമ്മമാർതൻമാറിൽ
മുലപ്പാൽ പരതുന്നു കുഞ്ഞുങ്ങളഹോ! കഷ്ടം!
വെടിയൊച്ച കേട്ടങ്ങു കുഞ്ഞിക്കരങ്ങളും
വിറപൂണ്ടു വിങ്ങി, വിറങ്ങലിക്കുന്നഹോ!

കണ്ണും കരങ്ങളും നീട്ടി വിളിച്ചിട്ടും
മണ്ണിലെങ്ങും കേൾക്കാം മുറിവിന്റെ നിലവിളി!
മണ്ണിലിരുന്നങ്ങു മിഴിനനയുമീ മന്ത്രങ്ങൾ
വിണ്ണിലെത്താറില്ലേ? ചെവിയടച്ചോ, ഉടയോൻ....

**രചന:**
**ഫ്രാൻസിസ്.എ.തോട്ടത്തിൽ**



Ava Joy









Jonah



Gurukulam Students with Padmasree Dr.K.J.Yesudas & Nilamboor Karthikeyan at the 1998 FOKANA Convention



# A Personal Journey from Gurukulam to Peru:

The opportunity to have been a student of the Gurukulam School is an incredible blessing and privilege. I attended Gurukulam since I was three years old and I can still remember my parents taking me every Friday evening. Although I did not appreciate it at the time, this experience inspired me to learn the Malayalam language, which helped me to communicate with my family members in India and later allowed me to build closer bonds with them that continue to last to this day. Gurukulam also facilitated lessons for me in music and dance, which helped me to value our rich cultural heritage. Due to my experiences as a member of this school, I was able to develop a sense of cultural appreciation and humility. This has become incredibly important to me now as a current medical student since I have started to interact with patients who come from diverse cultural backgrounds. I especially hope to use the lessons and values that Gurukulam instilled in me as I journey to Peru this summer as a member of my school's Peru Health Outreach Program (PHOP) medical mission trip.

Through my participation in PHOP, which returns to the Chincha and Sacred Valley communities every summer to provide public health screenings, direct medical care, and education, I will have the chance to serve people from a unique cultural upbringing. I have helped to prepare for this trip for the entire preceding year by identifying target communities, developing projects which are both sustainable and beneficial, and raising funds to finance these efforts on the ground in Peru. I now look forward to using what I have learned as a student of Gurukulam, including the chance to give back to the wider community, cherish cultural values, and selflessly serve others, as a member of this program.

Thank you, Gurukulam, for the 25 years of service to our community. You have provided us with an opportunity to share language, values, and culture, as well as forge lifelong friendships. I am proud and grateful for the contributions of this school and wish it continued success as it molds the next generation of our beloved Malayalee community.

# Gurukulam 2017-2018 School Year Pictures











# Gurukulam 2017-2018 School Year Pictures







GURUKULAM

ഗുരുകുലം



SOUVENIR 1993-1994

GURUKULAM



Second Anniversary of Gurukulam

SOUVENIR 1995


III ANNIVERSARY OF
GURUKULAM
SOUVENIR 1996


ഗുരുകുലം GURUKULAM
THE INDIAN SCHOOL OF CULTURE, LANGUAGES & ARTS
WHITE PLAINS NEW YORK
The Indian School of Culture, Languages & Arts
ഗുരുകുലം
IV ANNIVERSARY SOUVENIR
1996-1997



ഗുരുകുലം

The Indian School of Culture, Languages & Arts (Estd. 1993)
P.O Box 521, White Plains, N.Y. 10602

5TH ANNIVERSARY SOUVENIR
1997-1998




ഗുരുകുലം

The Indian School of Culture, Languages & Arts (Estd. 1993)
P.O Box 521, White Plains, N.Y. 10602

6TH ANNIVERSARY SOUVENIR
1998-1999


ഗുരുകുലം
The Indian School of Culture, Languages & Arts. (Estd. 1993)
P.O Box 521, White Plains, N.Y. 10602
7th Anniversary Souvenir
1999-2000


ഗുരുകുലം
TENTH ANNIVERSARY SOUVENIR
THE INDIAN SCHOOL OF CULTURE, LANGUAGES & ARTS.
P.O BOX 521, WHITE PLAINS, N.Y. 10602


ഗുരുകുലം
തമസോ മ ജ്യോതിർ ഗമയ
20th Anniversary Souvenir
GURUKULAM
The Indian School of Culture Languages and Arts (Estd. in 1993)
P O Box 521, White Plains, New York 10602

# ഗുരുകുലം

**THE INDIAN SCHOOL OF CULTURE, LANGUAGES & ARTS**
**P.O. BOX 521, WHITE PLAINS, N.Y. 10602**



നിസ്വാർത്ഥവും ത്യാഗോജ്ജ്വലവുമായ സാംസ്ക്കാരിക സേവനത്തിന്റെ

## ഇരുപത്തിയഞ്ചാം വർഷത്തിലേക്ക്

ക്ലാസ്സുകൾ: മലയാളം, നൃത്തം, സംഗീതം, Counseling for High School Students

സ്ഥലം : St. John's School, 148 Hamilton Ave, White Plains, NY 10601

സമയം : 6.00 pm to 9.00 pm on Fridays

**പ്രത്യേകതകൾ:**

- രണ്ടര വയസ്സുമുതൽ പ്രായമുള്ള കുട്ടികൾക്ക് പ്രവേശനം
- പ്രായത്തിന്റേയും ഭാഷാപരിചയത്തിന്റെയും അടിസ്ഥാനത്തിൽ പ്രത്യേക ക്ലാസ്സുകൾ
- കേരളത്തിലും അമേരിക്കയിലും പഠിപ്പിച്ചിട്ടുള്ള പരിചയസമ്പന്നരായ അധ്യാപകർ
- മലയാളപഠനത്തിന് അനുയോജ്യമായ പാഠ്യപദ്ധതി
- സമുചിതമായ സജ്ജീകരണങ്ങളോടുകൂടിയ നിരവധി ക്ലാസ്സ് റൂമുകൾ
- വിശ്രമത്തിനും വിനോദത്തിനും സൗകര്യപ്രദമായ സംവിധാനം
- ജാതിമത രാഷ്ട്രീയ വിഭാഗീയതകൾക്കതീതമായ പ്രവർത്തനലക്ഷ്യം

**ഇരുപത്തിയഞ്ചാം വർഷത്തെ ക്ലാസ്സുകൾ 2018 സെപ്റ്റംബർ 14–ാം തീയതി ആരംഭിക്കുന്നു**

**അന്വേഷണങ്ങൾക്ക്**

| പൊതുവായ അന്വേഷണങ്ങൾ | | ഡാൻസ് | | വയലിൻ |
|---|---|---|---|---|
| Philip Vembenil | J. Mathews | Liza Joseph | Radhika Bahl | Madhukar Lal |
| 914-428-5678 | 914-693-6337 | 914-843-9785 | 914-997-1770 | 914-510-3331 |

BEST COMPLIMENTS FROM



DR.GEORGE MATHEW & DR. BINDU MATHEW



# 20 ന്റെ നിറവിൽ ജനനി.....

അമേരിക്കൻ മലയാളികളുടെ സ്വീകരണമുറികളിൽ ഒരു അതിഥിയായി ജനനി
എത്തുവാൻ തുടങ്ങിയിട്ട് ഇരുപത് വർഷം തികയുന്നു....

ഈ യാത്രയിൽ കൂടെനിന്ന് സഹായിച്ച എല്ലാ സഹൃദയർക്കും ഒരായിരം നന്ദി....

വായനയുടെ പുതിയ മേച്ചിൽപ്പുറങ്ങളിലേക്ക് ഇനിയും അതിദൂരം നിങ്ങളോടൊപ്പം
സഞ്ചരിക്കുവാൻ കഴിയും എന്ന് പ്രത്യാശിക്കുന്നു.

## ജനനി

**വിദേശ മലയാളികളുടെ സാംസ്കാരിക മാസിക**



**അമേരിക്കൻമലയാളികൾക്ക്**

**അഭിമാനപൂർവ്വം സ്വന്തമാക്കാൻ,**

**പ്രായഭേദമെന്യേ വായിച്ചാസ്വദിക്കാൻ....**

**ഒരുത്തമ കുടുംബമാസിക**

Ph: J. Mathews (Chief Editor): 914-693-6337, Sunny Poulose (Managing Editor): 845-598-5094,
Dr. Sarah Easaw (Literary Editor): 845-304-4606, Email: jananymagazine@gmail.com
Mailing Address JANANY Publications, P.O. Box: 490, Nanuet, NY 10954

**ഓരോ ലക്കവും ഓരോ പുതിയ അനുഭൂതി....**